2015
ഒക്ടോബർ 25
വാല്യം 08
ലക്കം 20
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:08

# ദുരുപദേശകരും കള്ളപ്രവാചകരും അരങ്ങുവാഴുന്ന പെന്തെക്കോസ്ത്

കേരളത്തിലെ പെന്തെക്കോസ്ത് സമൂഹം ദുരുപദേശ പ്രസംഗകരുടെയും കള്ളപ്രവാചകന്മാരുടെയും വിഹാരഭൂമിയായി മാറിയിരിക്കുന്നു. ഈ യാഥാർഥ്യത്തിന് അടിവര ചാർത്തുന്നതാണ് തുടർമാനമായി കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങൾ. സാമൂഹിക നവോത്ഥാനത്തിന്റെ ദീർഘകാല പൈതൃകമുള്ളതാണ് കേരളത്തിലെ പെന്തക്കോസ്ത് സമൂഹം. എന്നാൽ ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളുടെ കപട വിശ്വാസ ആചാരങ്ങളിലേക്ക് പുനരാനയിക്കപ്പെടുന്നതിന്റെ മനശാസ്ത്രപരവും സാമൂഹികവുമായ കാരണങ്ങൾ ഗൗരവപൂർവം ചർച്ച ചെയ്യപ്പെടേണ്ട സന്ദർഭമാണിത്. ഇവരെ പ്രോത്സാഹിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങളും നടപടികളും വ്യാപകമാകുകയാണ്.

ആത്മീയതയോടുള്ള അഭിനിവേശം മനുഷ്യന്റെ പ്രധാന നൈസർഗിക വാസനകളിലൊന്നാണ്. മനുഷ്യന് മനുഷ്യനായി ജീവിക്കാൻ ആത്മീയത കൂടിയേ തീരൂ. മതത്തിലേക്കും ആത്മീയതയിലേക്കുമുള്ള തിരിച്ചു പോക്ക് ഇന്ന് ലോകത്തിന്റെ എല്ലാ ഭഗത്തും ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഒരു നവീന പ്രവണതയാണ്. ഭൗതിക ജീവിത രീതികളിൽ അഭിരമിക്കുന്ന മുതലാളിത്ത രാജ്യങ്ങളും ഭൗതിക വാദത്തിന്റെ ഈറ്റില്ലമായിരുന്ന മതത്തിനും ആത്മീയതക്കും കൈവന്ന ഈ അനുകൂലാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ട് നവ ആത്മീയ പ്രസ്ഥാനങ്ങൾ എന്ന് വിശേഷിക്കപ്പെടാവുന്ന ഒരുതരം കപട ആത്മീയത അടുത്ത കാലത്തായി ലോകത്ത് ശക്തിപ്പെട്ട് വരികയാണ്. ചിലയിടങ്ങളിൽ പരമ്പരാഗത മതങ്ങളുടെ വിശ്വാസാചാരങ്ങളോടോ സാമൂഹ്യ ദൗത്യങ്ങളോടോ പ്രതിബദ്ധതയില്ലാത്ത ആൾ ദൈവങ്ങളുടെയും കൾട്ടുകളുടെയും രൂപത്തിലാണെങ്കിൽ, മറ്റു ചില സ്ഥലങ്ങളിൽ ഒരിക്കലും അവസാനിക്കാത്ത ആത്മീയ അന്വേഷണങ്ങളുടെ പേരിലുള്ള പാലായനത്തിന്റെ രൂപത്തിലാണ് ഈ ആത്മീയത പ്രത്യക്ഷപ്പെടുന്നത്. സ്വാർത്ഥതയും ഭോഗപരതയും മുഖമുദ്രയായ മുതലാളിത്ത ജീവിത രീതിയുടെയും വികസന സംസ്കാരത്തിന്റേയും ഉപോൽപ്പന്നമാണ് ഈ കപട ആത്മീയത എന്ന് ഏവരും തിരച്ചറിയണം. കേരളത്തിലെ എല്ലാ മതസമൂഹങ്ങളിലും വ്യത്യസ്ത രീതിയിലുള്ള ആൾ ദൈവങ്ങളും കൾട്ടുകളും രൂപം കൊണ്ടിട്ടുണ്ട്. മനുഷ്യന്റെ ചിന്താപരവും മാനസികവുമായ വളർച്ചയെത്തുടർന്ന് കൂമ്പടഞ്ഞുപോയ പ്രാചീന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആധുനിക മാർക്കറ്റിംഗ് മാനേജ്മെന്റ് തന്ത്രം ഉപയോഗിച്ചുള്ള വിപണനമാണ് നവ ആത്മീയത പ്രസ്ഥാനങ്ങളുടെയെല്ലാം പൊതുവായ സവിശേഷത. ഒരുതരം മതസമന്വയവും സർവ്വമത സത്യവാദവും പരോക്ഷമായി ഉയർന്നതു കാരണം മതേതര പ്രതിച്ഛായയും ഇവർക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരക്കാർക്ക് ആത്മീയത ലാഭകരമായ കച്ചവടച്ചരക്കാണിപ്പോൾ ഒരു വലിയ ബിസിനസ് മേഖല. കാര്യമായ മുതൽ മുടക്കില്ലാതെ വൻ ലാഭം കൊയ്യുന്ന ഈ വ്യാപാരത്തിന്റെ വിപണന സാധ്യത തിരിച്ചറിഞ്ഞ് രംഗപ്രവേശം ചെയ്യുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നവതലമുറ ജീവിതരീതി മനുഷ്യരാശിക്കു സമ്മാനിച്ചത് ഒടുങ്ങാത്ത മനോസംഘർഷ




04

## ജാർഖണ്ഡിൽ പാസ്റ്റർ വെടിയേറ്റ് മരിച്ചു

● പ്രകാശ് പി. കോശി

**റാഞ്ചി:** ഒരു സ്വതന്ത്ര പെന്തെക്കോസ്തു സഭയുടെ പാസ്റ്റർ ഒക്ടോ.12ന് തന്റെ ഭവനത്തിൽ വച്ച് വെടിയേറ്റു മരിച്ചു. ഇതിനുപിന്നിൽ സംഘപരിവാർ പ്രവർത്തകർ ആണെന്ന് വിശ്വാസികൾ ആരോപിക്കുന്നു. ചാമു ഹസ്ദ പൂർത്തി, 54 വയസ്, ജാർഖണ്ഡിലെ കുന്തി ജില്ലയിലെ സന്തി ഗ്രാമത്തിൽ ഒരു സ്വതന്ത്ര പെന്തെക്കോസ്തു സഭയുടെ പാസ്റ്റർ ആയിരുന്നു. ഒക്ടോ. 12ന് സായുധരായ ഒരുകൂട്ടം ആളുകൾ പാസ്റ്ററുടെ ഭവനത്തിൽ ഇരച്ച് കയറുകയും, ഒരാൾ ഇദ്ദേഹത്തിന് നേരെ വെടിയുതർക്കുകയും ചെയ്തു. ഇതിന് ശേഷം അക്രമണകാരികൾ ഓടി മറഞ്ഞു. കൊലപാതകത്തിന്റെ കാരണം അറിയില്ല എന്ന് ലോക്കൽ പോലീസ് മാധ്യമങ്ങളോട് പറഞ്ഞു. ആക്രമണകാരികളെ ആരെയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ലായെന്ന് ഇതേ സഭയിലെ മറ്റൊരു പാസ്റ്ററായ നൂവാസ് മുണ്ടു പറഞ്ഞു. "ഈ സംഭവത്തിന് ശേഷം വിശ്വാസികൾ വളരെ പരിഭ്രാന്തിയിലാണ്". കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ മത-ന്യൂനപക്ഷങ്ങൾക്കെതിരെ ശക്തമായ ആക്രമണങ്ങളും, നുണപ്രചരണങ്ങളും ആണ് നടക്കുന്നത്. സംഘപരിവാർ സംഘടനകളുടെ സോഷ്യൽ ഇഞ്ചിനീയറിംഗ് എന്ന ഈ പ്രതിഭാസം ഇന്ത്യൻ ഗ്രാമങ്ങളിൽ നടപ്പാക്കുമ്പോൾ, മതന്യൂന പക്ഷങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ സാവകാശം ഇല്ല.

ഗോമാംസത്തിന്റെയും, നിർബന്ധിത മത പരിവർത്തനത്തിന്റെയും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും, സമൂഹത്തിൽ ഭിന്നത ഉളവാക്കി കലാപത്തിലേക്ക് നയിക്കുകയും ഇത് വഴി അടുത്ത ഇലക്ഷനിൽ സീറ്റുകൾ തൂത്തു വാരുക എന്ന ഭീകരമായ അടവാണ് ഈ രാഷട്രീയപാർട്ടികൾ നടപ്പാക്കുന്നത്. ഈ തന്ത്രത്തിൽ പൊലിയപ്പെടുന്നത് നിരപരാധികളുടെ ജീവനാണ്.

ക്രിസ്തീയ വിശ്വാസികളെ പീഡിപ്പിച്ച് ഭയപ്പെടുത്താനും ഗ്രാമങ്ങളിൽ നിന്ന് പുറത്താക്കാനും വിശ്വാസം ത്യജിപ്പിക്കാനും ഉള്ള തന്ത്രങ്ങളാണ് തകൃതിയായി നടന്നുവരുന്നത്.

മൂന്ന് കോടി മുപ്പത് ലക്ഷം വരുന്ന ജാർഖണ്ഡിന്റെ ജനസംഖ്യ

06

## സുവിശേഷകർ കൊല്ലപ്പെട്ടു


പാസ്റ്റർ ഗുരു മാഡി


പാസ്റ്റർ സജീവ് പണിക്കർ


പാസ്റ്റർ മാർട്ടിൻ ലൂതർ

വിവിധ സ്ഥലങ്ങളിൽ 3സുവിശേഷകന്മാർ ദുരൂഹമായ സാഹചര്യത്തിൽ കൊല്ലപ്പെട്ടു. തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പി.എം.ജി. സഭയുടെ ഒഡീഷ മൽക്കാൽഗിരി സഭാ ശുശ്രൂഷകനായ പാസ്റ്റർ ഗുരു മാഡി ആഗസ്റ്റ് 17നാണ് വധിക്കപ്പെട്ടത്. മാവോയിസ്റ്റുകളാണ് മാഡിയുടെ കൊലപാതകത്തിനു പിന്നിലെന്ന് വ്യക്തമായിട്ടുണ്ട്.

മറ്റു രണ്ടുസംഭവങ്ങളിലും ദുരൂഹതകൾ തുടരുകയാണ്. മുംബൈയിൽ റെയിൽവേ സീനിയർ സെക്ഷൻ എഞ്ചിനിയറും പാസ്റ്ററുമായ കൊല്ലം സ്വദേശി പാസ്റ്റർ സജീവ് പണിക്കർ ആണ് കൊല്ലപ്പെട്ടത്. ആഗസ്റ്റ് 31ന് കല്യാണിൽ നിന്ന് കാണാതായ ഇദ്ദേഹത്തെ രണ്ടു ദിവസത്തിനുശേഷം 40 കി. മി. അകലെ മുർബാദിലെ വനപ്രദേശത്ത് മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. 12 വർഷം മുമ്പ് വിശ്വാസത്തിൽ വന്ന ഇദ്ദേഹം ഒരു വർഷം മുമ്പ് താനയിൽ ബഥേൽ ഗോസ്പൽ അസംബ്ലി എന്ന പേരിൽ സഭാ പ്രവർത്തനം ആരംഭിച്ചു. ഇരുനൂറിലധികം പേർ ഈ സഭയിൽ അംഗങ്ങളാണ്. ഭാര്യ ശ്രീകല റെയിൽവെ സ്കൂളിൽ അദ്ധ്യാപികയാണ്. കല്യാണിൽ സംസ്കാരം നടത്തി. കൊലപാതകത്തിന്റെ കാരണം ഇതുവരെ വ്യക്തമായിട്ടില്ല. പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ചെന്നൈയിൽ വിരുദ് നഗറിൽ പാസ്റ്റർ മാർട്ടിൻ ലൂതർ (43) ആണ് കൊല്ലപ്പെട്ടത്. സെപ്റ്റംബർ 6ന് സുവിശേഷ പ്രവർത്തനത്തിനായി ഭാര്യയോടൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്യവെയാണ് ആയുധധാരികളായ ഒരു കൂട്ടം ചെറുപ്പക്കാർ അക്രമിച്ച് കൊലപ്പെടുത്തിയത്. ഭാര്യക്കും പരുക്കേറ്റിറ്റുണ്ട്. കൊലപാതകത്തിന്റെ കാരണം വ്യക്തമായിട്ടില്ല. പോലീസ് അന്വേഷണം തുടരുന്നു.

## സാക്ഷി



നാല് സുവിശേഷകർ കൊല്ലപ്പെട്ടു.

*ഉപദേശത്തിന്റെ പേരിൽ പോരടിച്ച് സഭയെ ഉറപ്പിക്കുവാൻ ശ്രമിക്കുന്ന ഞങ്ങൾക്ക് ഇതൊന്നും കാര്യമല്ല.*

## ഐ. പി. സി. കുവൈറ്റ് റീജിയൻ പുതിയ ഭാരവാഹികൾ


പാസ്റ്റർ പി. യു. ബെന്നി


പാസ്റ്റർ വി. പി. ഫിലിപ്പ്


പാസ്റ്റർ സാം പനച്ചയിൽ

**അബ്ബാസിയ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കുവൈറ്റ് റീജിയന്റെ പുതിയ ഭാരവാഹികളായി പാസ്റ്റർ പി. യു. ബെന്നി (പ്രസിഡന്റ്), പാസ്റ്റർ വി. പി. ഫിലിപ്പ് (വൈ. പ്രസിഡന്റ്), പാസ്റ്റർ സാം പനച്ചയിൽ (സെക്രട്ടറി), പാസ്റ്റർ ജയരാജ് എം., ബ്രദർ ജോസ് കെ. വർഗീസ് (ജോ. സെക്രട്ടറിമാർ), റെജി റ്റി. സക്കറിയ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## പി. വൈ. പി. എ. ജനറൽ ക്യാമ്പ് കോട്ടയത്ത്


ജോയി താനുവേലിൽ


സുധി എബ്രഹാം

68-ാമത് പി. വൈ. പി. എ. ജനറൽ ക്യാമ്പ് ഡിസംബർ 20 മുതൽ 23 വരെ കോട്ടയം ഐ. പി. സി. തിയോളജിക്കൽ സെമിനാരിയിൽ നടക്കും. ജോയി താനുവേലിൽ ഡയറക്ടറായിട്ടുള്ള വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.

സ്പിരിചൽ ക്ലാസ്സുകൾ, വർഷിപ്പ്, കരിയർ ഗൈഡൻസ്, പേഴ്സണാലിറ്റി ഡവലപ്മെന്റ്, കൗൺസിലിംഗ്, ഗ്രൂപ്പ് ഇന്നോവേറ്റീവ് പ്രോഗ്രാം, ആക്ടിവിറ്റിസ് എന്നിവ ഉൾപ്പെടുത്തിയാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. പി. വൈ. പി. എ. പ്രസിഡന്റ് സുധി ഏബ്രഹാമിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ പ്രവർത്തിക്കുന്നു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ

യു.എസ്.എ. & കാനഡ: $ 40

യു.കെ: £ 20

ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# വിവാദങ്ങൾ ഒഴിവാക്കാം ഒന്നിച്ചു മുന്നേറാം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

**ഇ**ന്ന് എല്ലാം വിവാദമാണ്. സദുദ്ദേശത്തോടെ പറയുന്നതും പ്രവർത്തിക്കുന്നതുംപോലും ഇന്ന് വിവാദമായി മാറുന്നു. ആത്മീയതയുടെ പേരിൽ പരസ്പരം പോരടിക്കുന്നവർ ഒരു കാര്യം മറന്നുപോകുന്നു. ഈ പോരാട്ടത്തിനിടയിൽ പലപ്പോഴും ദുരുപദേശകരും അഴിഞ്ഞാട്ടക്കാരും ഒക്കെ രക്ഷപ്പെടുകയാണ്. ആത്മീയത പുറംമോടി മാത്രമാകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ യഥാർത്ഥ ആത്മീയത എന്തെന്ന് നാം തിരിച്ചറിയണം. നിലപാടുകളിൽ ഉറച്ച് നിൽക്കുന്നതുകൊണ്ട് മാത്രം നമ്മൾ ശരിയാകണമെന്നില്ല. നമ്മുടെ നിലപാടുകൾ ദൈവവചന വ്യവസ്ഥയ്ക്ക് അനുസൃതമോ എന്ന് പരിശോധിക്കണം. കാലമാണ് നമ്മുടെ നിലപാടുകൾ ശരിയായിരുന്നു എന്ന് തെളിയിക്കുന്നത്. പൗലോസും ബർന്നബാസും തമ്മിൽ മർക്കോസ് എന്ന് മറുപേരുള്ള യോഹന്നാനെക്കുറിച്ച് ഉഗ്രവാദം ഉണ്ടായി. രണ്ടുപേരും തങ്ങളുടെനിലപാടിൽ ഉറച്ചുനിന്നു. ഒരുമിച്ച് പ്രവർത്തിച്ചവർ വേർപിരിഞ്ഞ് മാറേണ്ടി വന്നു. മർക്കോസ് പ്രയോജനമുള്ളവനെന്ന് പറഞ്ഞ് വേലയ്ക്ക് കൂട്ടുവാൻ ശ്രമിച്ച ബർന്നബാസിന്റെ നിലപാട് ശരിയാണെന്ന് കാലം തെളിയിച്ചു.

ഇന്ന് കുത്തൊഴുക്കുപോലെ ദുരുപദേശങ്ങളും ദുഷ്പ്രവണതകളും പെന്തെക്കോസ്ത് സമൂഹത്തിൽ കടന്നു കയറിയിരിക്കുന്നു. പെന്തെക്കോസ്ത് വിശ്വാസികളുടെ ജീവിതശൈലിയും ശരീരഭാഷയുമെല്ലാം പാടേ മാറിയിരിക്കുന്നു. പരസ്പരം പോരടിക്കുവാനും തകർക്കുവാനും താഴ്ത്തുവാനും ആവോളം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചേരി തിരിഞ്ഞ് പരസ്പരം പോരടിച്ച് മുമ്പോട്ടു പോകുന്നവരുടെ കണ്മുന്നിലൂടെ ശത്രു അകത്തു കടന്നിരിക്കുന്നു.

എല്ലാറ്റിലും വലുത് സ്നേഹമാണ്. എല്ലാറ്റിന്റെയും അടിസ്ഥാനവും സ്നേഹമായിരിക്കണം. വിമർശനങ്ങളെ നമ്മുടെ സമൂഹവും നേതൃത്വവും എല്ലാം വളരെ അസഹിഷ്ണതയോടെയാണ് കാണുന്നത്. മാത്രമല്ല മുമ്പെങ്ങും കേട്ടുകേൾവിയില്ലാത്ത നിലയിൽ ഗുണ്ടകളുമായി ഒക്കെ ബന്ധമുള്ള നേതാക്കന്മാരും ധാരാളം. ഇതെങ്ങനെ സാധിക്കും. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു എന്ന് അവകാശപ്പെടുകയും ഒപ്പം ലോകമനുഷ്യരേക്കാൾ വലിയ അധോലോക പ്രവർത്തികളുമായി നടക്കുകയും ചെയ്യുന്നു.

നമ്മുടെ സമൂഹത്തിന് എന്താണ് അത്യാവശ്യമായിരിക്കുന്നത്? ഉപദേഷ്ടാക്കന്മാർ പെരുകിയിരിക്കുന്നു. എന്നാൽ യഥാർത്ഥ ഉപദേശം പഠിപ്പിക്കുന്നവർ ചുരുക്കം. നേതാക്കന്മാർ പെരുകിയിരിക്കുന്നു, എന്നാൽ ജനത്തെ ശരിയായ പാതയിൽ നടത്തുന്ന നേതാക്കന്മാർ ചുരുക്കം. പണത്തിന് യാതൊരു കുറവുമില്ല. ലവോദിക്യ സഭയെക്കുറിച്ച് പറയുന്നതുപോലെ ഞാൻ ധനവാൻ, സമ്പന്നമായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു ദരിദ്രനായിരിക്കുന്ന അവസ്ഥയാണ് നമ്മുടെ പെന്തെക്കോസ്ത് സമൂഹത്തിന് ഇന്നുള്ളത്. എല്ലാം തികഞ്ഞവർ എന്ന ചിന്തയാണ് എല്ലാവർക്കും. ആർക്കും ആരെയും ബഹുമാനമോ സ്നേഹമോ ഇല്ലാതെ സ്വാർത്ഥരായി മാറിയിരിക്കുന്ന നമ്മുടെ സമൂഹത്തെപ്പോലെ വേറൊരു സമൂഹമില്ല. ഇത് സെൽഫിയുടെ കാലമാണല്ലോ. സെൽഫി എന്ന വാക്ക് ഉത്ഭവിച്ചത് സെൽഫിഷ് എന്ന വാക്കിൽ നിന്നാണ്.

അർത്ഥവത്തായ വിമർശനങ്ങളും തിരുത്തലുകളും ചർച്ചകളും നടന്ന ഇടത്ത് ഇന്ന് നടക്കുന്നത് എല്ലാം അർത്ഥശൂന്യമായ കാര്യങ്ങൾ മാത്രം. അധോലോക മാഫിയകളെപ്പോലെ പരസ്പരം പോരടിച്ച് നശിക്കുകയാണ് നമ്മുടെ സമൂഹം. ഇവിടെ നമുക്ക് എന്താണ് ആവശ്യം? യഥാർത്ഥമായ മാനസാന്തരവും മടങ്ങിവരവുമാണ് കർത്താവ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ വചനത്തിനടിസ്ഥാനമുള്ള ആത്മീക ശുശ്രൂഷകളും നടത്തിപ്പും നമ്മുടെയിടയിൽ ഉണ്ടാകണം. അനാവശ്യമായ വിവാദങ്ങളും പോരാട്ടങ്ങളും നമ്മെ അപകടത്തിലെത്തിക്കും. ആടുകളെ തമ്മിലടിപ്പിച്ച് രക്തം കുടിക്കുവാൻ കാത്തിരിക്കുന്ന കുറുക്കന്മാരെ നാം തിരിച്ചറിയണം.

## 08 ഇനി കറൻസി....

ക്കും പണമായി കൊണ്ടുപോകാതെ എടിഎം കാർഡ് മതി എന്ന സ്ഥിതി ഇന്ത്യയിൽതന്നെ വ്യാപകമായി കഴിഞ്ഞു. അതോടൊപ്പം നോട്ടുകെട്ടുകൾ കൈമാറുന്നതിനുള്ള അസൗകര്യം വ്യാജകറൻസിയെക്കുറിച്ചുള്ള പേടി പണം മോഷ്ടിക്കപ്പെടുമോ എന്നുള്ള ഭയം എന്നിവയെല്ലാം കറൻസി രഹിത സമൂഹത്തിന് മുറ വിളിയുയർത്തുന്നു. എടിഎം കാർഡുകൾ നഷ്ടപ്പെടുകയോ മോഷ്ടിക്കുകയോ ചെയ്താൽ രഹസ്യ കോഡ് അറിയാമെങ്കിൽ ആർക്കും പണം പിൻ വിലക്കാൻ കഴിയുമെന്നത് സുരക്ഷാ വീഴ്ചയായി സാമ്പത്തീക വിദഗ്ദർ ചൂണ്ടിക്കാണിക്കുന്നു. ഓൺലൈൻ വ്യാപരവും പ്രധാനപ്പെട്ട സൂപ്പർ മാർക്കറ്റുകളിലെല്ലാം കറൻസിയെക്കാളും സ്വീകാര്യം ക്രെഡിറ്റ് കാർഡാണെന്നതുള്ളത് ഇപ്പോൾ തന്നെ ഏവർക്കും അറിവുള്ളതാണ്. ലോകത്തിലെ വികസിത രാജ്യങ്ങളിൽ ഇപ്പോൾതന്നെ കറൻസിനോട്ടിന്റെ ഉപയോഗം കുറച്ചുകഴിഞ്ഞിരിക്കുന്നു. വിവിധ രോഗങ്ങൾ കറൻസി വഴി അതിവേഗം പകരാം എന്നതും കറൻസിരഹിത പണക്കൈമാറ്റത്തിന്റെ വ്യാപനത്തിന് അനുകൂലഘടകമായി മാറിയിരിക്കുന്നു. ഗവൺമെന്റിന്റെ നികുതി വെട്ടിക്കുന്ന അഴിമതിക്കാരുടെയും കള്ളപ്പണക്കാരുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്താനായി കറൻസിയുടെ ഉപയോഗം വലിയതോതിൽ കുറയ്ക്കാൻ ഭാവിയിലെ ഭരണകൂടങ്ങളെ പ്രാപ്തമാക്കുന്ന ഒന്നാണ് കറൻസിരഹിത പണക്കൈമാറ്റത്തിന്റെ വ്യാപനം എന്നതും വ്യക്തമാണ്. കാരണം അച്ചടിച്ച കറൻസി ഇല്ലായെങ്കിൽ പണം മുഴുവൻ കണക്കിൽ കാണിക്കേണ്ടതായി വരുന്നു അതിനാൽ കള്ളപ്പണ വ്യാപനം തടയുന്നതിന് സഹായകരമാകും. അതാണിപ്പോൾ ലോകത്തിലെ കള്ളപ്പണ നിക്ഷേപമുള്ളവരുടെയും അത്തരം പണം സ്വീകരിക്കുന്ന ബാങ്കുകളുടെയും ഉറക്കം കെടത്തുന്നുത്. പരിസ്ഥിതി മലിനീകരണം മറ്റൊരു കാരണമാണ് ദിവസേന അന്തരീക്ഷത്തിലെത്തിച്ചേരുന്ന കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ലൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്കു കാരണമാകുകയും തന്മൂലം ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക എന്നതാണ് ഇത് തടയുന്നതിനുള്ള ഏക പോംവഴി. മരങ്ങൾ നിലനിർത്തിയാൽ അതു വഴി കാർബൺ ന്യൂട്രാലിറ്റി' കൈവരിക്കുക എന്ന ലക്ഷ്യം സാധിക്കും. പേപ്പറിനായി ഉപയോഗിക്കുന്ന മരങ്ങൾ വെട്ടുന്നത് തടയുവാൻ കഴിയുന്നതിനാൽ പേപ്പർ മുക്തമായ കറൻസി രഹിത സമൂഹത്തിനായി പരിസ്ഥിതി പ്രവർത്തകർ മറവിളി കൂട്ടുന്നു. ഉപ്പുതൊട്ട് കർപ്പൂരം വരെയും, മൊട്ടുസൂചി മുതൽമോട്ടോർകാർവരെയും ഉള്ള സർവ്വവിധ നിത്യോപയോഗവസ്തുക്കളും കാർഡ് വഴിമാത്രം വാങ്ങുന്ന, കറൻസി നോട്ടുകളും നാണയങ്ങളും ഉപോയഗിക്കാത്ത ഒരു സാമ്പത്തിക വ്യവസ്ഥ സകല വില്പനയേയും വാങ്ങലുകളെയും ബാധിക്കും. ആവശ്യക്കാരുടെ കയ്യിൽ കറൻസിയോ, പ്രവർത്തനക്ഷമമായ കാർഡോ ഇല്ലായെങ്കിൽ അതുകൊണ്ട് ഒന്നും വാങ്ങുവാൻ കഴിയാതെ വരുന്ന അവസ്ഥ. ആധുനിക സാങ്കേതികവിദ്യകളുടെ അതിദ്രുതവ്യാപനം വഴി ഉണ്ടാകുന്ന സാമൂഹ്യശക്തികൾ ഉല്പാദനവും വിതരണവും അടക്കമുള്ള അടിസ്ഥാനസാമ്പത്തിക പ്രവർത്തനങ്ങളിൽ ഉണ്ടാക്കികൊണ്ടിരിക്കുന്ന മാറ്റങ്ങളാണ് ഈ സ്ഥിതി ഉണ്ടാക്കുന്നത്. ഈ മാറ്റങ്ങൾ വഴി നടക്കുന്ന സമൂഹത്തിന്റെ അടിത്തറയുടെ സാമൂഹ്യവൽക്കരണം അധികം ഇപ്പോൾ തന്നെ മുന്നോട്ടു പോയി കഴിഞ്ഞിരിക്കുന്നു. അതേ സമയം ആധുനികസാങ്കേതികവിദ്യകളുടെ വ്യാപനത്തിന്റെ ശൈശവം മാത്രമേ നാം കണ്ടിട്ടുള്ളു. പാചകവാതക സബ്സിഡിയും കാർഷിക സബ്സിഡിയും പെൻഷനും ശമ്പളവും എല്ലാംതന്നെ ബാങ്കുകളിലേക്കു മാറ്റിക്കഴിഞ്ഞു. ഇത് ഇനി വരുവാൻ പോകുന്ന നോട്ടുകളുടെ കൈമാറ്റമില്ലാതെയുള്ള പണം വാങ്ങലും കൊടുക്കലുമാകും. കറൻസി രഹിത കാലം അധികം അകലെയല്ലെന്നാണ് ബാങ്കിങ് വിദഗ്ധർ നൽകുന്ന സൂചനകൾ. ഇപ്പോൾ തന്നെ ഡെബിറ്റ് കാർഡുകളും ക്രെഡിറ്റ് കാർഡുകളും ഉപയോഗിച്ചുകൊണ്ടുള്ള വാങ്ങലുകൾ യഥേഷ്ടം നടക്കുന്നു. ഓൺലൈൻ വ്യാപാരത്തിൽ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ നിർണായക പങ്കാണ് വഹിക്കുന്നത്. ഇതെല്ലാ ബൈബിളിലേ പ്രവചന നിവൃത്തിയായേ കാണുവാൻ കഴിയു. വെളിപ്പാട് 13:17–ൽ പറയുന്നത് മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്വാൻ വഹിയാതെയും ആക്കുന്നു. കറൻസി രഹിത സമൂഹം എന്ന ആശയം 1974 ആണ് ലോകത്ത് ആദ്യമായി അവതരിപ്പിച്ചത്. ഇതിനെ Electronic Funds Transfer System" (EFTS) എന്നാണ് വിളിക്കുന്നത്. എടിഎം, ചെക്കുകൾ തുടങ്ങി എല്ലാ പണമിടപാടുകളും കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള ശ്രമമായിട്ടാണ് ലോകത്തിൽ ഈ പദ്ധതിയെ അവതരിപ്പിച്ചത്. ഇപ്പോൾ ലോകത്തിൽ നടക്കുന്ന എല്ലാം ബാങ്ക് ഇടപാടുകളും 100% കുറ്റമറ്റമറ്റതാണ് എന്ന് പറയുവാൻ കഴിയില്ല. അതിനാൽ കുറ്റമറ്റ ഒരു സംവിധാനത്തിന്റെ വ്യാപനമാണ് കറൻസി രഹിത സമൂഹം. ഒരു വ്യക്തിക്ക് കണ്ണിന്റെ റെറ്റിനയുടെയോ, വിരൽ അടയാളത്താലോ ബാങ്ക് അക്കൗണ്ട് തുടങ്ങി ആ അക്കൗണ്ടിനെ മൊബൈൽ ആപ്പ് വഴി വ്യക്തിയുമായി ബന്ധിപ്പിക്കുന്നു. സൂപ്പർ മാർക്കറ്റുകളിലെയും മറ്റും വ്യാപര സ്ഥാപനങ്ങളിലേയും ഇടപാടുകൾക്ക് അവിടെ ഉള്ള സെൻസറിന്റെ സഹായത്താൽ കണ്ണിന്റെ റെറ്റിനായുടെ ചിത്രം വഴിയോ വിരലടയാളം വഴിയോ ആളിനെ തിരിച്ചറിയുന്നു അങ്ങനെ ഇടപാടുകൾ സുതാര്യമാകുന്നു. ഇത് കറൻസി രഹിതമായി ബയോമെട്രിക് വിവരങ്ങൾ വഴിയാണ് നടപ്പിലാക്കപ്പെടുന്നത്. അതിനായി ഒരോ മനുഷ്യനും ഒരു 18 അക്ക രഹസ്യ കോഡും അതു പതിപ്പിച്ച ചിപ്പും ശരീരത്തിൽ പതിക്കുകയോ അല്ലാതെ കാർഡിൽ പതിപ്പിച്ചോ നല്കപ്പെടും. ആദ്യം കാർഡിൽ പതിപ്പിച്ചാണ് നല്കുന്നതെങ്കിലും പിന്നീട് കാർഡുകൾ നഷ്ടമാകുന്നതിനാൽ ശരീരത്തിൽ ആ ചിപ്പ് പതിപ്പിക്കുവാൻ നിർബന്ധിതരായി തീരും. അങ്ങനെ കറൻസി രഹിത സമൂഹം നടപ്പിലാകുമ്പോൾ ഈ ചിപ്പും അതിലെ രഹസ്യ കോഡും വഴിയല്ലാതെ യാതൊരു വിധ പണ ഇടപാടുകളും ഭൂമിയിൽ നടത്താൻ കഴിയാതെ വരുന്നു കാരണം ആരുടെ കയ്യിലും കറൻസിയോ നാണയങ്ങളോ ഇല്ല എന്നതു തന്നെ. അതു തന്നെയാണ് വിശുദ്ധ വേദപുസ്തകം വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞതും ഇപ്പോൾ നിവൃത്തിയായികൊണ്ടിരിക്കുന്നതും. ഇതിന്റെയെല്ലാം അർത്ഥം ദൈവം ഈ ലോകത്തെ യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയ്ക്കും പിന്നീടുള്ള മഹത്വപ്രത്യക്ഷതയ്ക്കുമായി ഒരുക്കുന്നു എന്നാണ്. ആകായാൽ നമുക്ക് ഉണരാം കർത്താവിനെ എതിരേല്പാൻ.

എനിക്കും പറയാനുണ്ട്...

# പെന്തെക്കോസ്തുകാർ മറന്ന രക്തസാക്ഷികൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

നവമാധ്യമങ്ങളിൽ തലനാരിഴ കീറി നടക്കുന്ന ചർച്ച ഉപദേശ സംബന്ധമായ വിഷയങ്ങളിലാണ്. ഇതിൽ പലതും എന്താണെന്ന് എനിക്ക് ഇതുവരെയും മനസ്സിലായിട്ടുമില്ല. വേദപുസ്തക വാക്യങ്ങൾ ചിലർ വ്യാഖ്യാനിക്കുന്നത് കാണുമ്പോൾ ലേഖകർ പോലും ഇവർ കാണുന്ന ആശയം സ്വപ്നത്തിൽ പോലും ചിന്തിച്ചിരിക്കില്ല. പരിശുദ്ധാത്മാവ് ഉദ്ദേശിക്കുന്നതിനുമപ്പുറം ആണ് വേദപുസ്തക വാക്യം സംബന്ധിച്ച് ചിലർക്ക് കിട്ടിയിരിക്കുന്ന വെളിപ്പാട്. കൊണ്ടും കൊടുത്തും മുന്നേറുന്ന ചർച്ചകൾ പലതും വിഷയവുമായി യാതൊരു ബന്ധമില്ലാത്ത നിലയിലുമാണ്. യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ പറഞ്ഞ വാക്കുകൾ ഇത്തരുണത്തിൽ അറിയാതെ ഓർമ്മയിലേക്ക് എത്തുന്നു. കൊതുകിനെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവർ എന്നത് നമ്മുടെ പെന്തെക്കോസ്തുകാർക്ക് നന്നായി ചേരും.

കഴിഞ്ഞ ആഴ്ചകളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി നാല് സുവിശേഷകർ കൊല്ലപ്പെട്ട വാർത്തയാണ് പുറത്തുവന്നത്. ജാർഖണ്ഡിലും തമിഴ്നാട്ടിലും ബോംബെയിലും ഒഡീഷയിലുമായി നടന്ന ദാരുണസംഭവങ്ങൾ ഏവരേയും ഞെട്ടിക്കുന്നതാണ്. എന്നാൽ ഉപദേശ സംരക്ഷണത്തിനായി പോരാടുന്ന ആരും ഇത് സംബന്ധമായി ഒരു പ്രതികരണവും നടത്തിക്കണ്ടില്ല. ജീവിതവുമായി ബന്ധപ്പെട്ടതായിരിക്കണം ഉപദേശവും. പെന്തെക്കോസ്തുകാർ ഘോരഘോരം ഉപദേശം പ്രസംഗിക്കുന്നവരാണ്. എന്നാൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അവർ എന്നും പുറകിലാണ്. ഇക്കാര്യം പറഞ്ഞാൽ ചിലർക്ക് ഹാലിളകും. സുവിശേഷം പ്രസംഗിക്കുക മാത്രമാണ് തങ്ങളുടെ കടമയെന്ന് ചിലരൊക്കെ പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക കൂടി ചെയ്താൽ നമ്മുടെ പ്രസംഗം കൂടുതൽ അർത്ഥവത്തായേനേ. ആദിമനൂറ്റാണ്ടിലെ സഭയിൽ മുതൽ ഇത് നമുക്ക് കാണുവാൻ കഴിയും. അന്ത്യൊക്യയിലെ സഭയിൽ ധനശേഖരണം നടത്തി യെരുശലേം സഭയിലേക്ക് കൊടുത്തയ്ക്കുന്നത് അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ.

വിദേശത്തുള്ള മലയാളി സഭകളൊക്കെ ഇക്കാര്യത്തിൽ വളരെ ഉത്സാഹം കാണിക്കുന്നവരാണ്. എന്നാൽ ദുഃഖകരമായി എനിക്ക് തോന്നിയിട്ടുള്ളത് പലപ്പോഴും അർഹതയുള്ളവരുടെ കൈയിലല്ല ഇത്തരം സഹായങ്ങൾ എത്തിപ്പെടുന്നത്. ഇവിടെ കോടീശ്വരന്മാരായവർ വിദേശസഭകളിൽ സന്ദർശനത്തിനെത്തിയിട്ട് തങ്ങളെക്കാൾ പാവപ്പെട്ടവരോട് കാശ് പിരിക്കുന്നതുകാണുമ്പോൾ പലപ്പോഴും എനിക്ക് അത്ഭുതം തോന്നിയിട്ടുണ്ട്.

ആദിമകാല പെന്തെക്കോസ്ത് സഭകളെ ഇന്നത്തെ പെന്തെക്കോസ്ത് സഭകളോട് തുലനം ചെയ്യുവാൻ യാതൊരു നിലയിലും സാധ്യമല്ലാതായിരിക്കുന്നു. ദൈവം അമേരിക്കയെ ന്യായം വിധിക്കുന്നില്ലെങ്കിൽ സോദോമിനോട് ക്ഷമ ചോദിക്കേണ്ടിവരും എന്ന ബില്ലിഗ്രഹാമിന്റെ വാക്കുകൾ കടം എടുത്താൽ ഇങ്ങനെ തിരുത്താം. ദൈവം കേരളത്തിലെപെന്തെക്കോസ്തുകാരെ ന്യായം വിധിക്കുന്നില്ലെങ്കിൽ സോദോമിനോട് ക്ഷമ ചോദിക്കണം. ദൈവഭയമോ ദൈവാശ്രയമോ ഇല്ലാത്തവരായി മാറിയിരിക്കുന്ന ഈ സമൂഹം എവിടേക്കാണ് പോകുന്നത്.

ഉപദേശം പറയണം. അത് സ്ഥാപിക്കണം. അത് സത്യം തന്നെയാണ്. എന്നാൽ ഉപദേശം മാത്രം അല്ല ക്രിസ്തീയ ജീവിതം എന്നത് മറന്നുപോകരുത്. മാനുഷിക മൂല്യങ്ങളെ ഉൾക്കൊണ്ട് മുന്നോട്ട് പോകേണ്ടതാണ് ആത്മീയത. ദൈവവചനത്തിന്റെ അന്തസത്ത ഉൾക്കൊള്ളണം. പരിശുദ്ധാത്മാവിന്റെ നിറവും നിയോഗവും ഉണ്ടാകണം. ഒരുകൂട്ടർ ഉപദേശം മാത്രം പറഞ്ഞ് പോരടിക്കുമ്പോൾ ന്യൂജനറേഷൻ സഭകൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെന്ന പേരിൽ എല്ലാവിധ കോപ്രായങ്ങളും കാണിക്കുകയാണ്. യേശുക്രിസ്തുവിന്റെ ശുശ്രൂഷകളിലെല്ലാം ഉണ്ടായിരുന്ന ഒരു മാനുഷിക മുഖം നമുക്ക് വിസ്മരിക്കുവാൻ കഴിയില്ല. അവൻ എവിടെയൊക്കെ ചെന്നുവോ അവിടെയെല്ലാം ആവശ്യത്തിലിരിക്കുന്നവരുടെ മുഖമാണ് അവന്റെ ദൃഷ്ടിയിൽപെട്ടത്. അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവർക്ക് നന്മ ചെയ്യുവാനാണ് യേശു ശ്രമിച്ചത്. അത്ഭുതങ്ങൾ കാണിക്കുവാൻ വേണ്ടി യേശു അവസരങ്ങൾ ഉണ്ടാക്കുകയല്ലായിരുന്നു. മറിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുകയായിരുന്നു. എന്നാൽ ഇന്ന് എന്തൊക്കെയോ തങ്ങൾ ചെയ്യുവാൻ പോകുകയാണെന്ന ധാരണ ഉണ്ടാക്കി ജനത്തെകൂട്ടി വഞ്ചിക്കുന്ന തന്ത്രമാണ് ന്യൂജനറേഷൻ ഗ്രൂപ്പുകൾ ചെയ്യുന്നത്.

ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയപ്പെട്ട് അനേകർ പ്രാണത്യാഗം ചെയ്യുമ്പോൾ നമ്മൾ ഇവിടെ പരസ്പരം പോരടിക്കുകയാണ്. ആരും അറിയപ്പെടാത്ത എത്രയോ ആളുകളാണ് ക്രിസ്തുവിനായി പ്രാണത്യാഗം ചെയ്യുവാൻ തയ്യാറാകുന്നത്. എന്നാൽ പേരും പദവിയും നേടുവാൻ വളഞ്ഞവഴിയിലൂടെ ഓടുന്ന മലയാളി പെന്തെക്കോസ്തുകാർക്ക് വരുവാൻ പോകുന്ന ന്യായവിധി എങ്ങനെ വിവരിക്കുവാൻ പറ്റും. ജാർഖണ്ഡിലും ഒഡീഷയിലും മുംബൈയിലും തമിഴ്നാട്ടിലും വിതയ്ക്കപ്പെട്ട ആ വിത്തുകൾ ഒരു നാൾ തേജസ്സോടെ ഉയിർക്കും. അവർ ഓടിയതിനും അധ്വാനിച്ചതിനും ഉള്ള പ്രതിഫലം പ്രാണപ്രിയൻ അവർക്കായി നൽകുമ്പോൾ നമ്മുടെ അവസ്ഥയെന്താകുമെന്ന് ചിന്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? വെള്ള തേച്ച ശവക്കല്ലറകളെപ്പോലെ ബാഹ്യമായ ഭക്തിപ്രകടനങ്ങളിലൂടെ പേരും പ്രശസ്തിയും നേടുവാനുള്ള ഓട്ടത്തിൽ നമുക്ക് ഓട്ടം തികയ്ക്കുവാൻ സാധിക്കുമോ? ആരും വിലപിക്കുകയോ കണ്ണീരൊഴുക്കുകയോ ചെയ്യാതെയും ആരുടെയും ഓർമ്മച്ചെപ്പിൽ എത്താതെയും ഓട്ടം തികച്ചും അക്കരനാട്ടിലേക്ക് പോയ ആ സുവിശേഷകരുടെ ഓർമ്മയ്ക്കു മുമ്പിൽ ശിരസ്സ് നമിക്കുന്നു. ഒരുപിടി അശ്രുപൂക്കൾ അർപ്പിക്കുന്നു.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

– തുടർച്ച–

13. മോഡറേറ്റർ- പ്രസ്ബിറ്റേറിയൻ സഭയിൽ ഒരു പ്രസ്ബിറ്റർക്കും, മൂപ്പനും, അവർ പ്രസ്ബിറ്ററി, സിനഡ് ജനറൽ അസംബ്ലി എന്നിവയിൽ അദ്ധ്യക്ഷത വഹിക്കുന്നെങ്കിൽ അവരെ മോഡറേറ്റർ എന്നു വിളിക്കുന്നു. സി.എസ്സ്.ഐ സഭകളിലും ചിലരെ മോഡറേറ്റർ എന്നു വിളിക്കാറുണ്ട്.

14. പേട്രിയാർക്ക്- ആറാം നൂറ്റാണ്ടു മുതൽ റോമൻ കത്തോലിക്കാസഭയുടെ അഞ്ചു പ്രധാനമണ്ഡലങ്ങളിൽ ഭരിക്കുന്ന ബിഷപ്പിനു പേട്രിയാർക്ക് എന്നു വിളിച്ചുവരുന്നു. റോം, അലക്സാണ്ട്രിയ, അന്ത്യോക്യ, കോൺസ്റ്റാന്റിനോപ്പിൾ, യെരുശലേം എന്നി സ്ഥലങ്ങളിൽ ഉള്ളവരെയായിരുന്നു, ഇന്ന് സഭ വളർന്നതോടെ ആ സ്ഥാനം പ്രധാന കത്തോലിക്ക കേന്ദ്രങ്ങളിലും അന്ത്യോക്യയിലെ സിറിയൻ സഭകളിലും ഈ പദവികൾ കണ്ടുവരുന്നു.

15. പ്രിബെന്ററി- കത്തീഡ്രൽ വക സ്ഥാവര സ്വത്തുക്കൾ സൂക്ഷിച്ചു വരുന്ന ആളിന് മദ്ധ്യകാലം മുതൽ ഈ പേരിലാണ് അറിഞ്ഞു വരുന്നത്.

16. റെക്ടർ- വികാരിയെക്കാൾ അല്പം ഉയർച്ചയുള്ളതായ ഒരു പദവിയാണ് ഇന്നും പല സഭകളിൽ ഈ പദവി ഉപയോഗിക്കാറുണ്ട്. ജെസ്യൂട്ട് സന്യാസസമൂഹത്തിലെ പ്രധാന തലവനെ ഈ പേരിലാണ് അറിയപ്പെടുന്നത്.



17. സഫ്രഗൻബിഷപ്പ് - ആർച്ചു ബിഷപ്പിനോടു അഥവാ മെട്രാപ്പോലിറ്റനോടു ചേർന്നു സിനഡിൽ ഇരിക്കുകയും വോട്ടു രേഖപ്പെടുത്തുകയും ചെയ്യുന്ന എല്ലാ ബിഷപ്പുമാരെയും ഈ പേരിലാണ് അറിയപ്പെടുന്നത്. മറ്റൊരു കാര്യം ഡയോസിഷൻ ബിഷപ്പിന് സഹായി എന്ന ചുമതലയുള്ളവരെയും സഫ്രഗൻ എന്നു ചില സഭകളിൽ അറിയപ്പെടാറുണ്ട്.

18. വികാർ - മദ്ധ്യകാലത്ത് ഒരു സഭയിൽ സന്യാസമഠങ്ങൾ ഉണ്ടായാൽ വരുമാനങ്ങൾ സന്യാസ ആശ്രമങ്ങൾക്കു കൊടുക്കുന്നു. ഒരു സന്യാസി ഈ ഇടവകയുടെ ചുമതല വഹിക്കുന്നു. ഒരു ഇടവകയുടെ ചുമതല വഹിക്കുന്ന പട്ടക്കാരൻ വികാർ എന്നു പറയുന്നു. ഇതിന്റെ അർത്ഥം പകരക്കാരൻ, ചുമതലപ്പെട്ടവൻ എന്നാണ്.

19. സൂപ്പീരിന്റൻസ്- പലഡിസ്ട്രിക്ടുകളുടെ മേൽനോട്ടം നടത്തുന്ന ആൾ എന്നർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. ലൂഥറൻ സഭകളിലും മെനഡിസ്റ്റു സഭകളിലും പെന്തെക്കോസ്തു സഭകളിൽ ചിലതിലും ഈ സ്ഥാനപേര് ഉപയോഗിക്കാറുണ്ട്.

20. ഓവർസിയർ- മേൽനോട്ടം വഹിക്കുന്നയാൾ, നിരീക്ഷണം നടത്തുന്നയാൾ എന്നർത്ഥത്തിൽ ഈ പദവി സഭയുടെ തലപ്പത്തിരിക്കുന്നവരെ ഓവർസിയർ എന്നാണ് വിളിക്കുന്നത്.

21. പ്രസിഡന്റ് - ചില പെന്തെക്കോസ്തുസഭകളുടെ നിയന്ത്രണം പ്രസിഡന്റിൽ അധിഷ്ഠിതമാണ് പ്രസിഡന്റാണ് കാര്യങ്ങൾ തീരുമാനിക്കുന്നത് നിശ്ചയിക്കുന്നത്, ഇന്ത്യയിലെ പ്രസിദ്ധ പെന്തെക്കോസ്തു സഭയായ ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭയുടെ തലപ്പത്ത് പ്രസിഡന്റാണ്.

പുതിയ നിയമസഭയിലെ ഭരണം ആത്മീക വിഷയമാണ്, സഭയുടെ ഭരണത്തിനു വേണ്ടി നിയമിക്കപ്പെട്ടവരാണ് അദ്ധ്യക്ഷൻ, അദ്ധ്യക്ഷൻ എന്ന പദം ഗ്രീക്കിലെ എപ്പിക്കോപ്പസ് എന്നതിൽ നിന്നും ഉണ്ടായതാണ്, അതിനു ബിഷപ്പ്, ഓവർസിയർ, പാസ്റ്റർ, ഇടയൻ, മൂപ്പൻ, സൂപ്രണ്ട് എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. അദ്ധ്യക്ഷൻ എന്നത് മേൽനോട്ടക്കാരൻ എന്ന സ്ഥാനത്തോടുള്ള ബന്ധത്തിലും ഇടയൻ പരിപാലിക്കുന്ന എന്ന ഉത്തരവാദിത്വത്തോടു കൂടിയതും മൂപ്പൻ ആത്മീക പക്വതപ്രാപിച്ചവൻ എന്ന ആശയത്തിലുമാണ് ഉപയോഗിക്കുന്നത്. ഇവ അവരുടെ സ്ഥാനം, ജോലി, പക്വത എന്നിവ അനുസരിച്ച് നൽകിയിരിക്കുന്ന പേരുകളാണ്. ദൈവസഭയുടെ സൂക്ഷിപ്പിനും മേൽനോട്ടത്തിനുമാണ് അദ്ധ്യക്ഷന്മാർ അഥവാ മൂപ്പന്മാർ. പൗലോസ് പറയുന്നത്, സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾക, സഭകമ്മറ്റിയോ, സഭാഭരണാധികാരികളോ പ്രസിഡന്റോ സെക്രട്ടറിയോ ഒന്നുമല്ല മൂപ്പന്മാരെ നിയമിക്കേണ്ടത് ശുശ്രൂഷയ്ക്കായി വേർതിരിക്കേണ്ടത്. ആത്മീക തീഷ്ണതയും സമർപ്പണ ജീവിതവും ഉത്സാഹവും വചനം ശുശ്രൂഷിക്കുന്നതിലും ഉപദേശങ്ങൾ പഠിപ്പിക്കുന്നതിലും മിടുക്കന്മാരും പക്വതയുള്ളവരുമായിരിക്കണം സഭയിലെ മൂപ്പന്മാർ. മൂപ്പന്മാർ ആത്മീകരും ആത്മീക ഗുരുക്കന്മാരുമായിരിക്കണം, സഭ അത് അംഗീകരിക്കുകയും അവരെ അനുസരിക്കുകയും ചെയ്യണം. മൂപ്പന്മാർ ഒരിക്കലും പൂർണ്ണരല്ല, അവർക്കും മറ്റുള്ളവരെപ്പോലെ ബലഹീനതകളും കുറവുകളുമുണ്ട്, എന്നാൽ മൂപ്പന്മാർ നന്നായി വചനം പഠിക്കുകയും പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോൾ അവർ തങ്ങളെത്തന്നെ ക്രമപ്പെടുത്തി ജീവിതം നയിക്കണം. മൂപ്പന്മാർ ഭരിക്കുക എന്നല്ല മേയ്ക്കുക എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. 1പത്രോസ്5:1, ഒരു ഇടയൻ എന്നുപറയുമ്പോൾ അതിന്റെ പിന്നിലെ ആശയം പഴയനിയമത്തിൽ ദൈവത്തെ ഇടയനെന്നും പ്രജകളെ ആടുകളെന്നും വിളിച്ചിരുന്നു, സങ്കീ:23:1, 77:20, 79:13, 95:7,100:3, യെശ:40:11, യിസ്രായേലിന്റെ ഇടയനായുള്ളവേ ചെവിക്കൊള്ളേണമേ എന്നു ആസാഫ് പ്രാർത്ഥിക്കുന്നു, സങ്കീ:80:1 പുതിയ നിയമത്തിൽ യേശുവിനെ നല്ല ഇടയനായും അവന്റെ ശിഷ്യന്മാരെ ചെറിയ ആട്ടിൻ കൂട്ടം എന്നും വിളിച്ചിരിക്കുന്നു, ലൂക്കോ:13:32,, പഴയനിയമത്തിലെ ഇടയനെപ്പോലെ പുതിയനിയമത്തിലെ സഭാശുശ്രൂഷകന്മാരെ ഇട

06

ചോദ്യോത്തര വേദി

# വടക്കേ ദിക്കിന്റെ പ്രാധാന്യം



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** സ്വർഗ്ഗം എന്ന യഥാർത്ഥമായ ഗ്രഹം വടക്കേദിക്കിലാണ് സ്ഥിതിചെയ്യുന്നതെന്ന് യെശയ്യാവ്, യെഹസ്കേൽ പ്രവാചകന്മാർ വെളിപ്പെടുത്തിയിട്ടുണ്ട്. അത് ഇയ്യോബിന്റെ സുഹൃത്തും വെളിപ്പെടുത്തി. അതിപ്രകാരമാണ്. "വടക്കു നിന്ന് സുവർണ്ണശോഭ വരുന്നു; ദൈവത്തിന് ചുറ്റും ഭയങ്കര തേജസ്സുണ്ട്" (ഇയ്യോബ് 37:22). എന്നാൽ ദൈവത്തെക്കുറിച്ച് ഇയ്യോബിന്റെ സുഹൃത്തുക്കൾ സംസാരിച്ചത് ശരിയായിട്ടല്ല എന്ന് ദൈവം തന്നെ ഇയ്യോബ് 42:8-ൽ പറയുന്നു. ദൈവത്തെക്കുറിച്ച് ശരിയായത് സംസാരിക്കുകയും, സംസാരിച്ചത് ശരിയായില്ല എന്ന് ദൈവം പ്രഖ്യാപിക്കുന്നതും പരസ്പരം വിരുദ്ധമല്ലേ? വടക്കേ ദിക്കിന്റെ പ്രാധാന്യം കൂടി എഴുതുക.

**– സാജു, കൊച്ചുപറമ്പ്**

**ഉത്തരം:** 'വടക്കുനിന്ന് സുവർണ്ണശോഭ വരുന്നു; ദൈവത്തിന് ചുറ്റും ഭയങ്കര തേജസ്സുണ്ട്' എന്ന് ഇയ്യോബ് 37:22-ൽ എഴുതിയത് ഇയ്യോബിന്റെ സുഹൃത്തുക്കളല്ല. മറിച്ച് **എലിഹൂ** എന്ന ചെറുപ്പക്കാരനായിരുന്നു (ഇയ്യോബ് 32-ാം അദ്ധ്യായം വായിക്കുക). 'എലിഹൂ'വിനോട് ദൈവത്തിന് കോപമുണ്ടായി എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാരോട് കോപമുണ്ടായി എന്ന് എഴുതിയിട്ടുണ്ട് (ഇയ്യോബ് 42:7). എലിഹൂ ഇയ്യോബിന്റെ മൂന്നു സ്നേഹിത്മാരിൽ ഉൾപ്പെടുന്നില്ല.

**വടക്കേ ദിക്കിന്റെ പ്രാധാന്യം**

1) "....**വടക്കേ ദിക്കിന്റെ** അഗ്രഭാഗത്ത് സമാഗമനപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും...ഞാൻ അത്യുന്നതനോട് സമനാകും" (യെശയ്യാവ് 14:13).

2) 'ഞാൻ നോക്കിയപ്പോൾ **വടക്കുനിന്ന്** ഒരു കൊടുങ്കാറ്റും ഒരു വലിയ മേഘവും ആളിക്കത്തുന്ന തീയോടുകൂടെ വരുന്നതു കണ്ടു; അതിന്റെ ചുറ്റും ഉജ്ജ്വല പ്രകാശം ഉണ്ടായിരുന്നു...അതിന്റെ ചുറ്റുമുള്ള ഉജ്ജ്വല പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു; യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു..." (യെഹെസ്കേൽ 1:4, 26,28).

3) കിഴക്കു നിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നത് (സങ്കീർത്തനം 75:6)

സ്വർഗ്ഗം വടക്കേ ദിക്കിൽ ഗ്രഹമാണെങ്കിൽ എന്തുകൊണ്ട് കണ്ടെത്താൻ കഴിയുന്നില്ല? ഉത്തരം: തന്റെ സിംഹാസനത്തിന്റെ ദർശനം അവൻ മറച്ചുവച്ചിരിക്കുന്നു (ഇയ്യോബ് 26:9).

# പി.സി.നാക്ക് 2016 പ്രഥമ കമ്മിറ്റി ഡാളസിൽ നടന്നു

● ജോൺസ്.പി.മാത്യൂസ്

**ഡാളസ്:** 2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസ് പട്ടണത്തിൽ വെച്ച് നടക്കുന്ന 34-ാമത് പി.സി.നാക്കിന്റെ പ്രഥമ നാഷണൽ - ലോക്കൽ കമ്മിറ്റി നടന്നു. നാഷണൽ കൺവീനർ റവ. ഷാജി കെ. ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു. കോൺഫറൻസിന്റെ വിപുലമായ ഒരുക്കങ്ങളുടെ പുരോഗതിയെക്കുറിച്ച് നാഷണൽ സെക്രട്ടറി ബ്രദർ റ്റിജു തോമസ് വിവരിച്ചു. 2016 ഡാളസ് കോൺഫറൻസിലേക്കുള്ള ബഡ്ജറ്റ് നാഷണൽ ട്രഷറർ ബ്രദർ തോമസ് വർഗീസ് അവതരിപ്പിച്ചു. നാഷണൽ യൂത്ത് കോർഡിനേറ്റർ ബ്രദർ ഏബ്രഹാം മോനീസ് ജോർജ്ജ് യുവജനങ്ങൾക്കായി ഒരുക്കുന്ന പ്രവർത്തനങ്ങളെകുറിച്ച് പ്രസ്താവിച്ചു. ലേഡീസ് കോർഡിനേറ്റർ സാറാ ജോർജ്ജിനെ കൂടാതെ വിവിധ തലങ്ങളിലേക്ക് ഭാരവാഹികളെയും തിരഞ്ഞെടുത്തു. 2016 സുവനീർ പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ കോർഡിനേറ്ററായി പബ്ലിസിറ്റി കോർഡിനേറ്ററായ ജോൺസ്. പി. മാത്യൂസിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

## സിസ്റ്റർ സാറാ ജോർജ്
## പി. സി. എൻ. എ. കെ. ലേഡീസ് കോർഡിനേറ്റർ



**ന്യൂയോർക്ക്:** പി. സി. എൻ. എ. കെ. വനിതാ വിഭാഗം കോർഡിനേറ്ററായി സിസ്റ്റർ സാറാ ജോർജ് തിരഞ്ഞെടുക്കപ്പെട്ടു. ദൈവസഭകളുടെ വിവിധ പ്രവർത്തനങ്ങളിൽ ദീർഘവർഷങ്ങളായി സുപ്രധാന പങ്കുവഹിക്കുകയും വിവിധ സ്റ്റേറ്റുകളിലെ സഹോദരിമാരുടെ സമ്മേളനങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട്. ഫോസ്പിറ്റൽ ചാപ്ലെയ്ൻ, ജയിൽ ചാപ്ലെയിൻ, ജെ. ബി. ക്യൂ കോച്ച് തുടങ്ങിയ നിലകളിൽ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്ന സിസ്റ്റർ സാറാ ജോർജ്, പ്രമുഖ കാർഡിയോളിജിസ്റ്റ് ഡോ. അച്ചൻകുഞ്ഞ് ജോർജ്ജിന്റെ സഹധർമ്മണിയും പ്രശസ്ത സുവിശേഷ പ്രഭാഷക സിസ്റ്റർ മേരി കോവൂരിന്റെ മകളുമാണ്. ജോനാഥൻ, ജെരമ്യാ ജോഷ്വ മക്കളാണ്.

## ഡോ. കോര സംസാരിക്കുന്നു



1. ഊമക്കത്തെഴുതുകയും എഴുതിപ്പിക്കുകയും ചെയ്യുന്ന നേതാവിനെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്? – കുഞ്ഞുമോൻ, റാന്നി

*അതെല്ലാം നേതാവിന്റെ തമാശകളായി കണ്ടാൽ മതി. ജാത്യാൽ ഗുണം തൂത്താൽ പോകില്ലല്ലോ.*

2. ഐ. പി. സി. ഇലക്ഷന് പാനലുകൾ തയ്യാറായെന്ന് ഒരു പത്രത്തിൽ വായിച്ചു. കോര അറിഞ്ഞോ? –എബി, കുമ്പനാട്

*ഇനി വരുവാൻ പോകുന്നത് പാനൽ യുദ്ധത്തിന്റെ കാലം*

3. ദുരുപദേശം പ്രചരിപ്പിക്കുന്നവരെ ഐ. പി. സിയിൽ ഒഴിവാക്കണമെന്ന് ഒരു പ്രസ്താവന കണ്ടു. എന്നാൽ ചിലരുടെ പേരുകൾ ഒഴിവാക്കി എന്നൊരു സംസാരം ഉണ്ടല്ലോ? – സുബിൻ, കുമ്പനാട്

*ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിക്കുകയും ചെയ്യുന്ന പരിപാടി പണ്ടേയുള്ളതാണല്ലോ.*

4. പെന്തെക്കോസ്തിൽ ഗുണ്ടായിസവും ഊമക്കത്തും പാരപണിയലുമൊക്കെ ഉണ്ടോ കോരേ? – ലിന്റാ, തിരുവല്ല

*ഇതൊക്കെ അല്ലേ നേതാവാകാനുള്ള യോഗ്യതകൾ*

## 01 പെന്തെക്കോസ്ത് സഭകൾ...

വും ഭാവിയെക്കുറിച്ചുള്ള ഭീതിയും ആശങ്കയുമാണെന്നു പഠനങ്ങളും വിലയിരുത്തലുകളും പറയുന്നു. ഇതു മുതലെടുത്താണ് ഇത്തരം പ്രസംഗകർ വളരുന്നത്. ദൃശ്യ അച്ചടി മാധ്യമ രംഗങ്ങളെ തങ്ങളുടെ പ്രചരണത്തിനും വൻതോതിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി നിരീക്ഷണങ്ങൾ വെളിവാക്കുന്നു. ജാതിമതദേശഭാഷ വ്യത്യാസങ്ങളില്ലതെ 'നാനാത്വത്തിൽ ഏകത്വം' അനുയായി വൃന്ദത്തിൽ രൂപപ്പെടുന്നതോടെ ആത്മീയ വ്യവസായങ്ങൾ സർവ്വസ്വീകാര്യങ്ങളായി മാറുന്നു. ആത്മീയതയുടെ വാണിജ്യസാധ്യതകൾ തിരിച്ചറിഞ്ഞ ചിലർ പുതിയ വിശ്വാസരീതികളും ആരാധനാ കലകളും ആവിഷ്കരിച്ച് രംഗത്തെത്തി. മറ്റു ചിലർ ചരിത്രത്തിലെ ചില പ്രത്യേക ഘട്ടങ്ങളിൽ പിറവിയെടുത്ത ആത്മീയ സരണികൾ പൊടിത്തട്ടിയെടുത്ത് തേച്ചുമിനുക്കി ആധുനിക രീതിയിൽ അവതരിപ്പിച്ചു. അങ്ങനെ ആൾ ദൈവങ്ങളും കൾട്ടുകളും ആത്മീയ സരണികളുമെല്ലാം ചേർന്ന് ഒരു വാണിജ്യ ശൃംഖല തന്നെ രൂപമെടുത്തു. പെന്തക്കോസ്ത് സഭകൾ ഇൻഡ്യയിൽ പ്രവർത്തനം ആരംഭിച്ചിട്ട് നൂറിലധികം വർഷങ്ങൾ പിന്നിട്ടു. ഉപദേശവിശുദ്ധിയും ജീവിതവിശുദ്ധിയുമായിരുന്നു തുടക്കം മുതൽ പെന്തക്കോസ്തു സഭയുടെ മുഖമുദ്ര. എന്നാൽ കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ പെന്തെക്കോസ്ത് പഠിപ്പിക്കലിന്റെ കാർക്കശ്യം കുറച്ചുകൊണ്ട്, ഉപദേശത്തിൽ അയവു വരുത്തി മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളെ മാത്രം ഉയർത്തിക്കാട്ടി ന്യൂജനറേഷൻ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. ഇവർ ശക്തരായ പ്രസംഗകരായിരുന്നു, അവരുടെ വാക്കുകളിലും പണവാഗ്ദാനങ്ങളിലും വശീകരിക്കപ്പെട്ടവരുമായവർ ചേർന്ന് ദൈവങ്ങളെപ്പോലെ സ്വയമായും മറ്റുള്ളവരാലും സമൂഹത്തിൽ അവതരിക്കുവാൻ തുടങ്ങി. പെന്തെക്കോസ്തിന്റെ കാർക്കശ്യസ്വഭാവത്തിൽ വെള്ളം ചേർത്താൽ അത് തങ്ങൾക്ക് വളക്കൂറുള്ള മണ്ണായിരിക്കും എന്ന് തിരിച്ചറിഞ്ഞ ഇവർ ഓരോ കുട്ടി ദൈവങ്ങളായി മാറുകയും അവരുടെ സ്വന്തം പേര് അവതരിപ്പിച്ചു കൊണ്ട് അവരവരുടെ സംഘടനകൾ കെട്ടിപ്പടുക്കുകയും ചെയ്തു. വേദപാഠശാലകളിലെ പഠനമോ, ദൈവദാസന്മാർക്ക് കീഴടങ്ങി ഇരുന്നുള്ള അഭ്യസനമോ ഈ ആൾദൈവങ്ങൾക്കില്ല. അതുകൊണ്ട് ഇവർ എന്തു പറയുന്നുവോ അതാണ് ഇവരുടെ ഉപദേശം. സഭയെക്കുറിച്ചും, പരിശുദ്ധാത്മാവിനെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചുമൊക്കെ ഇവർ തങ്ങൾക്കു ബോധിച്ചത് ജനത്തിനു മുൻപിൽ അറിയിക്കും. ഈ 'ദൈവ'ങ്ങളെ അന്ധമായി വിശ്വസിക്കുന്ന ജനം വഞ്ചിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ നാട് എന്ന വിശേഷണമുള്ള കേരളം ഇത്തരം വ്യാജന്മാരായ ആൾദൈവങ്ങളുടെ നാടായി മാറുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സമ്പന്നമായ ദൈവശാസ്ത്രമാണ് പെന്തെക്കോസ്തിനുള്ളത്. സന്മാർഗ്ഗിക ജീവിതത്തിനും ലൗകികതയിൽ നിന്നുള്ള വേർപാടിനും വലിയ വില നൽകുവാൻ സഭാസമൂഹത്തെ ആഹ്വാനം ചെയ്തിട്ട് ആ മാതൃക കാണിച്ചുകൊടുത്തവരായിരുന്നു നമ്മുടെ മുൻ തലമുറ. ചിട്ടയായ ജീവിത രീതിയും വ്യക്തമായ ഉപദേശ അടിത്തറയുമുള്ള ഒരു സമൂഹമാണ് പെന്തെക്കോസ്തർ. വിശുദ്ധീകരണത്തിലധിഷ്ഠിതമായ ആത്മനിറവിൽ ജീവിതത്തിനായുരുന്നു ഊന്നൽ. എന്നാൽ പെന്തെക്കോസ്തിന്റെ വർത്തമാനമുഖം ജീർണ്ണിച്ച അവസ്ഥയിലാണ്. അപ്പോസ്തോലിക പാരമ്പര്യത്തിൽ വചനത്തിന് മുൻതൂക്കം കൊടുത്ത് പിതാക്കാന്മാർ വിലകൊടുത്ത് പടുത്തുയർത്തി ആത്മീയ സമൂഹം ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കൾ കടിച്ചു കീറുന്നു. ഒരേ സമയം പിശാചിനെ സേവിക്കുകയും ഭോഷ്ക് വിളിച്ച് പറയുകയും ആളുകളുടെ മുമ്പിൽ ദൈവദാസൻ എന്ന പേരും ഉള്ള ഇത്തരം വ്യാജാത്മാക്കളെ തിരിച്ചറിഞ്ഞ് അവർക്കെതിരെ സന്ധിയില്ലാത്ത സമരം നടത്തണം. ഉപദേശത്തിനും പ്രമാണത്തിനും ആരുമായും യാതൊരു ഒത്തു തീർപ്പിനും തയ്യാറാകരുത്.


യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ്
കൊടുമൺ ഒരുക്കുന്ന
2015 ഗുഡ്ന്യൂസ് ഫെസ്റ്റിവൽ

സ്ഥലം: കൊടുമൺ പഞ്ചായത്ത് സ്റ്റേഡിയം

തീയതി: ഡിസംബർ 2 ബുധൻ മുതൽ 6 ഞായർ

സമയം: വൈകിട്ട് 6.00 മുതൽ 9.00 വരെ

സംഗീത ശുശ്രൂഷ
ബ്രദർ സാംസൺ, ചെങ്ങന്നൂർ



പ്രസംഗകർ
പാസ്റ്റർ അനിൽ കൊടിത്തോട്ടം
പാസ്റ്റർ രാജേഷ് ഏലപ്പാറ
സിസ്റ്റർ എൽസമ്മ ചെറിയാൻ
പാസ്റ്റർ അജി ആന്റണി
പാസ്റ്റർ കെ. ജെ. മാത്യു
പാസ്റ്റർ പി. ജി. മാത്യൂസ്

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ജോസ് ബേബി (പബ്ലിസിറ്റി കൺവീനർ
9846666985
പാസ്റ്റർ റെജി ഗീവർഗീസ് (ജനറൽ കൺവീനർ

ഏവർക്കും സ്വാഗതം

ലേഖനം

# ജനറേഷൻ ഏതായാലും ശ്രദ്ധിക്കുക; ദയവായി വേലി പൊളിച്ചു ശുശ്രൂഷിക്കരുത്



ചെറിയാൻ കെ. വി.

ഒരു വീടിനോ, വസ്തുവിനോ അതിർ നിശ്ചയമായും ഉണ്ടെന്നു വരികിലും വേലിയോ മതിലോ ഉണ്ടാകണമെന്നില്ല. എന്നാൽ ഇവ സ്ഥാപിക്കുന്നതു കേവലം ആകർഷണത്തിനു മാത്രമല്ല സംരക്ഷണത്തിനും കൂടിയാണ്. അറിഞ്ഞോ അറിയാതയോ വേലി ബലഹീനമാകയോ തകരുകയോ ചെയ്താൽ അതു പൂർവ്വസ്ഥിതിയിൽ എത്തിക്കുവാനായി ഉത്തരവാദിത്വപ്പെട്ടവർ വേഗത്തിൽ പരിശ്രമിക്കും എന്നതിൽ തർക്കമില്ല. പല വേലികളും പൊളിഞ്ഞ സ്ഥിതിയിൽ കിടന്നതിനാൽ പറമ്പിൽ കിടന്നിരുന്ന തേങ്ങയും, അടുക്കളയിലെ പാത്രങ്ങളും മേശക്കുള്ളിലെ പണവും മാത്രമല്ല കിടന്നുറങ്ങുവാൻ ഉപയോഗിക്കുന്ന കട്ടിലും മോഷണം പോയ സംഭവങ്ങൾ നാം കേട്ടിട്ടുണ്ടല്ലോ? എന്നാൽ ശുശ്രൂഷകന്മാർ വചനത്തിന്റെ വേലി പൊളിക്കുമ്പോൾ നഷ്ടപ്പെടുന്നതു പാത്രങ്ങളോ പണമോ അല്ല പ്രത്യുത ദൈവസഭ നൂറ്റാണ്ടുകളായി വിലകൊടുത്തു സംരക്ഷിച്ച പരിശുദ്ധാത്മാവ് നിയന്ത്രണത്തിലുള്ള ശുശ്രൂഷാ ക്രമങ്ങളാണ്. അപ്പോൾ തന്നെ ഇതു പൊളിക്കുന്നവന്റെ മേൽ ദൈവ കോപം പെയ്തിറങ്ങുകയും ചെയ്യും, താമസിച്ചാലും അതു പെയ്തിറങ്ങും. അതിനു മുൻപായി അങ്ങനെയുള്ളവർ യഥാസ്ഥാനപ്പെട്ടാൽ എല്ലാവർക്കും നന്ന്.

പതിനഞ്ചാം നൂറ്റാണ്ടിൽ ജെനീവയിൽ ജീവിച്ചിരുന്ന അനുഗ്രഹീതനായ ദൈവദാസനായിരുന്നു ജോൺ കാൽവിൻ. അദ്ദേഹത്തിന്റെ സഭയിലെ ചില വിശ്വാസികൾ കൃപവിട്ട ജീവിതം നയിച്ചുകൊണ്ടിരുന്നതിനാൽ ഫിലിപ്പ് ബർത്തലീനെർ എന്ന പേരുള്ള ഇവരുടെ നേതാവിനെ സഭയിൽ നിന്ന് പുറത്താക്കുകയും പ്രത്യേകാൽ തിരുവത്താഴത്തിൽ പങ്കു ചേരുന്നതിൽ വിലക്കി. കൃപയുടെ പേരിൽ കൃപവിട്ടു നടക്കുന്ന ഇവർ കോടതിയിൽ നിന്നും തങ്ങൾക്കനുകൂലമായ വിധി സമ്പാദിച്ചു. ഒരു ദിവസം സഭായോഗത്തിൽ ഊരിപിടിച്ച വാളുമായി വന്നു കാൽവിനോടു തിരുവത്താഴം ആവശ്യപ്പെട്ടു. എന്നാൽ കാൽവിൻ കൊടുത്തില്ല എന്ന് മാത്രമല്ല മരിച്ചാലും വേണ്ടില്ല നിങ്ങൾക്ക് ഇതിൽ പങ്കില്ല എന്നു താൻ ധൈര്യമായി പറഞ്ഞു.(the expository genius of John calvin എന്ന പുസ്തകത്തിൽ നിന്നും) വധഭീഷണിയുടെ മുൻപിൽപ്പോലും വേലി സംരക്ഷിച്ച ധീരനായ ജോൺ കാൽവിനെ പോലുള്ളവരെ നാം മാതൃകയാക്കുന്നതും മാന്യവും അഭിമാനവുമായ കാര്യം. നാം ഏതു ജനറേഷനിൽ ഉൾപ്പെടുന്നവരായാലും ഇങ്ങനെയുള്ള ധീര പോരാളികളുടെ അനുഭവങ്ങൾ അറിഞ്ഞിരുന്നാൽ ശുശ്രൂഷകളെ വിലയേറിയതായി എണ്ണുവാൻ പഠിക്കും.

ഈ വേലി ആദ്യമായി പൊളിക്കുകയും മഴ നനയുകയും ചെയ്യേണ്ടി വന്ന ശുശൂപ്രഷകന്മാർ അഹരോന്റെ പുത്രന്മാരായ നാദാബും അബ്ബീഹുവുമാണ്(ലേവ്യ:10:12). എന്തുകൊണ്ടാണു അവർക്കിങ്ങനെ സംഭവിച്ചത്? ആ ദിവസത്തെ സഭായോഗം ദൈവം പ്രസാദിച്ചതും അനുഗ്രഹിച്ച് ആശീർവാദം പറഞ്ഞതുമായിരുന്നു. അതിനു ശേഷം നാദാബും അബ്ബീഹുവും ധൂപകലശം എടുത്തതു ആവശ്യമില്ലാത്ത ശുശ്രൂഷ ആയിരുന്നു. ഈ കാലത്തും സഭായോഗം ആശീർവാദം പറഞ്ഞു അവസാനിപ്പിച്ചതിനു ശേഷം ആരും വേദിയിൽ കയറി പ്രസംഗിക്കുകയോ, പാടുകയോ ചെയ്യാറില്ലല്ലോ. ആ ശുശ്രൂഷ (ധൂപകലശവുമായി അതിപരിശുദ്ധ സ്ഥലത്തേക്കു അടുക്കുവാൻ) ചെയ്യുവാൻ യഹോവയായ ദൈവം അവരെ നിയോഗിച്ചിരുന്നില്ല. ഈ ശുശ്രൂഷ എപ്പോൾ, എങ്ങനെ, ഏതു വ്യക്തി നിവർത്തിക്കേണം എന്ന നിയമം പോലും പിന്നീടാണ് ദൈവം അവർക്കു നല്കിയത്(ലേവ്യ:16). അവരുടെ പിതാവായ അഹരോൻ മാത്രമാണ് പില്ക്കാലത്ത് ഈ ശുശ്രൂഷ നിവർത്തിച്ചത്. ഒരു ദൈവീക നിയമം ഇതിൽ നിന്നും നാം പഠിക്കുക. ദൈവം നമ്മെ ഏല്പിച്ച ശുശ്രൂഷ മാത്രം ചെയ്യുക. വേലി പൊളിച്ചു കൂടുതൽ ചെയ്തു അപകടത്തിൽ പെട്ടുപോകരുത്. കേവലം മാനുഷിക വികാര(emotional)ത്തിനു മാത്രം അടിമപ്പെട്ടു ഒരു ശുശ്രൂഷയും ചെയ്യരുത്. കൈയിൽ ഒരു മൈക്കും മുൻപിൽ ഒരു ജനക്കൂട്ടവും വന്നു കൂടിയാൽ ദൈവം ഏൽപ്പിക്കാത്ത ശുശ്രൂഷ ശുശ്രൂഷകന്മാർ ചെയ്യരുത്.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചലിക്കുന്നതു ഞാൻ കാണുന്നു, ഇപ്പോൾ രോഗസൗഖ്യം നടക്കുന്നു, ഈ ആഴ്ചയിൽ പ്രശ്നപരിഹാരം, ഇത്ര മാസം കഴിയുമ്പോൾ വിടുതൽ, നിങ്ങൾക്കു പ്രമോഷൻ വരുന്നു മുതലായ വാചകങ്ങൾ കേവലം ഒരു ഭംഗി വാക്കായി പറയുന്നത് ഒഴിവാക്കുക. ഹൃദയത്തിൽ പരിശുദ്ധാത്മാവ് 100% ഉറപ്പു തന്നാൽ മാത്രം പറയുക. നാം ഒരിക്കലും ശുദ്ധഹൃദയമുള്ള കേൾവിക്കാരനെ (advantage) മുതലെടുക്കരുത്.

എന്നാൽ അങ്ങനെ മുതലെടുപ്പു നടത്തിയാൽ ഇന്നല്ലെങ്കിൽ നാളെ ഇതു ചെയ്യുന്നവർ ഇതിനു കണക്കു ബോധിപ്പിക്കേണ്ട ദിവസം വരും, അതു നിശ്ചയം. നാദാബും അബ്ബീഹുവും ആവേശം പൂണ്ടു അങ്ങനെ ചെയ്യാതിരുന്നുവെങ്കിൽ തങ്ങളുടെ പിതാവിന്റെ കാലശേഷം ആ അവസരം അവർക്കു ദൈവം തന്നെ നല്കുമായിരുന്നു. ക്ഷമയോടെ കാത്തിരുന്നാൽ അവസരങ്ങൾ നമ്മെ തേടിവരുന്ന കാലമുണ്ടാകും എന്നറിയുക. ചില ശുശ്രൂഷകൾ(ഏല്പിക്കാത്തതു) നാം ചെയ്യാതിരിക്കുന്നതാണ് നമുക്കും ദൈവസഭയ്ക്കും അനുഗ്രഹം. ഏൽപ്പിച്ചതു മാത്രം സന്തോഷത്തോടും വിശ്വസ്തതയോടും ചെയ്യുക. അങ്ങനെയെങ്കിൽ നമ്മെ അധികത്തിൽ വിചാരകന്മാരായി തീർക്കും.

എന്നാൽ ദൈവപ്രവർത്തി എത്രകണ്ടാലും ചിലമനുഷ്യർ ബുദ്ധി പഠിക്കുകയില്ല. അങ്ങനെയുള്ള 250 പേരുടെ ടീമും അവരുടെ നേതാക്കന്മാർക്കും എന്തു സംഭവിച്ചെന്നു സംഖ്യാപുസ്തകം 17-ാം അധ്യായത്തിൽ എഴുതിയിരിക്കുന്നു. അവരുടെ അഭിപ്രായപ്രകാരം കലശത്തിലെ തീക്കനലിനുള്ളിൽ ആരു സുഗന്ധവർഗ്ഗം ഇട്ടാലും പുകവരും അതിനു അഹരോൻ തന്നെ വേണമെന്നില്ല. അഹരോനെയും മോശെയെയും അവരുടെ പദവികളിൽ നിന്നും തള്ളിയിടുവാൻ പ്ലാൻ ചെയ്ത തരംതാണ രാഷ്ട്രീയത്തിന്റെ പ്രതിഫലനമായിരുന്നു ഇത്. രാഷ്ട്രീയം കളിച്ചവർ മണ്ണിനടിയിലാക്കുകയും അവരുടെ കലശങ്ങൾ യാഗപീഠം പൊതിയുവാനായി അടിച്ചു പരത്തുകയും ചെയ്തു. ദൈവം ആക്കി വെച്ചിരിക്കുന്നവരുടെ സ്ഥാനം ലക്ഷ്യം വെച്ചുകൊണ്ടു വേലി പൊളിക്കുന്നത് നന്നല്ല എന്നു ഇതിൽ നിന്നു നാം പഠിക്കുക. അതു പഴയനിയമമല്ലേ എന്നു നാം ചോദിക്കരുത്. ഈ സംഭവങ്ങൾ നമുക്കു ബുദ്ധി ഉപദേശത്തിനായി എഴുതിയിരിക്കുന്നു. ശുശ്രൂഷയിൽ ആർക്കും തെറ്റ് സംഭവിക്കാം, എന്നാൽ തർക്കിക്കുവാനോ ന്യായീകരിക്കുവാനോ നില്ക്കാതെ എത്രയും വേഗം ആ തെറ്റ് തിരുത്തി യഥാസ്ഥാനപ്പെടുന്നവനാണ് ബുദ്ധിയുള്ള ശുശ്രൂഷകൻ.

---

കണ്ടതും കേട്ടതും

# "എഡിറ്റ് ഇങ്ങ്"

ജയ്മോഹൻ അതിരുങ്കൽ, 9567759748

ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ചുമതലയിൽ 'സ്കൂൾ ഓഫ് ജേണലിസം' ആരംഭിച്ചിട്ടു രണ്ടാഴ്ചയായി. ഉദ്ഘാടനസമ്മേളനം തന്നെ മികച്ചതായിരുന്നു. 'മനോരമ'യിലെ മുതിർന്ന എഡിറ്റർമാരിലൊരാളായിരുന്ന ഡോ. പോൾ മണലിലായിരുന്നു ആദ്യത്തെ പ്രഭാഷകൻ.

പിറ്റേന്നു മുതലാണു ക്ലാസ് നടന്നു തുടങ്ങിയതെന്നു പറയാം. ജോർജ് കോശി മൈലപ്രയുടെ ക്ലാസിനുശേഷം, ജയ്സൺ തോമസ് എഡിറ്റിങ്ങിനെക്കുറിച്ചു ക്ലാസെടുത്തു. റിപ്പോർട്ടർമാർ എഴുതിക്കൊടുക്കുന്ന വാർത്തകളിലെയും മറ്റും പോരായ്മകൾ പരിഹരിച്ചു കൊടുക്കുന്ന 'ഡെസ്ക്ക് തൊഴിലാളികളെ' ആരുമറിയാതെ പോകുന്നുവെന്ന പരിഭവം ആ സഹോദരൻ മറച്ചുവച്ചില്ല. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ ഒരു ഡിസ്ട്രിക്ട് പാസ്റ്ററായ വി. പി. തോമസിന്റെ മകനാണു ജയ്സൺ തോമസ്, 'പെന്തെക്കോസ്തരെ ഒപ്പം കൂട്ടാൻ ബി. ജെ. പി.' എന്ന തലക്കെട്ടിൽ വന്ന ഒരു വാർത്തയാണ് എഡിറ്റിങ്ങിനായി ഉപയോഗിച്ചത്. അതിലെ വേണ്ടാതീനങ്ങളെല്ലാം നീക്കം ചെയ്തു വൃത്തിയാക്കിയപ്പോൾ, 'ഹാ! നന്നായിരിക്കുന്നു' എന്നു പറഞ്ഞുപോയി. ഇങ്ങനെ ഞെട്ടും വാലും മുറിച്ചുകളഞ്ഞ്, അഥവാ ചെതുമ്പലും വാലും ആന്തരാവയവങ്ങളുമെല്ലാം നീക്കം ചെയ്തു മീൻ വൃത്തിയാക്കുന്നതുപോലെ വാർത്തകളും ലേഖനങ്ങളുമെല്ലാം നന്നാക്കുന്നതുകൊണ്ടാണു ദിനപ്പത്രങ്ങൾ വായിക്കാൻ കൊള്ളാവുന്നതാകുന്നത്.




നമ്മുടെ പത്രമാസികകൾക്ക് എഡിറ്റർമാരുണ്ടെങ്കിലും അവരൊന്നും പത്രമാപ്പീസുകളിൽ വരാറില്ലെന്നതാണു സത്യം. 'ഏകനായി മഹാദ്ഭൂതങ്ങളെ പ്രവർത്തിക്കുന്ന' പത്രാധിപർ എന്തു ചെയ്യാനാണ്! പക്ഷേ! വേണമെങ്കിൽ ചക്ക വേരിലും കായ്ക്കു'മെന്നു പറയുന്നതുപോലെ, നമ്മുടെ പത്രങ്ങളും എഡിറ്റ് ചെയ്തു വൃത്തിയാക്കി പ്രസിദ്ധീകരിക്കാവുന്നതേയുള്ളൂ.

'മാതൃഭൂമി' ദിനപ്പത്രത്തിൽ ഭാഷാശുദ്ധിയുടെ ഒരു പംക്തിയുണ്ട്. 'ഉത്തമാജി'യെന്നു സഹപ്രവർത്തകർ വിളിക്കുന്ന സി. ഉത്തമക്കുറുപ്പായിരുന്നു അതെഴുതിയിരുന്നത്. കഴിഞ്ഞയാഴ്ച അദ്ദേഹം മരിച്ചുപോയി. 'മാതൃഭൂമി'യിൽത്തന്നെ വരുന്ന അച്ചടിപ്പിശകുകളും പ്രയോഗവൈകല്യങ്ങളും അദ്ദേഹം 'ചൊവ്വാദോഷ'ത്തിൽ തിരുത്തിയെഴുതുമായിരുന്നു. വളരെ പ്രയോജനപ്രദമായിരുന്ന ആ കോളം, ഉത്തമക്കുറുപ്പിന്റെ അഭാവത്തിൽ മറ്റാരെങ്കിലും എഴുതുമെന്നു പ്രതീക്ഷിക്കാം.

ഉത്തമക്കുറിപ്പിന്റെ തിരുത്തലുകളിൽ നിന്ന് നമുക്കു പ്രയോജനപ്പെടുന്ന ചില കാര്യങ്ങളെഴുതുന്നു: 'തലനാരിഴയ്ക്ക്' എന്ന തെറ്റായ പ്രയോഗത്തിനു പകരം 'തലനാരിഴയിടയ്ക്ക്' എന്ന ശരിയായ പ്രയോഗമെഴുതാൻ ശ്രദ്ധിക്കണം. 'സെന്റൻസ്', 'വാചക'മല്ല, 'വാക്യ'മാണ്, 'ജാള്യം' 'ജാള്യത'യാക്കരുത്. പഞ്ചസാരയുടെ 'മധുര'ത്തെക്കാൾ നല്ലതു 'മാധുര്യ'മാണ്. 'സ്വാധീനം' ശരിയല്ല, 'സ്വാധീനത'യാണു ശരി. 'ദമ്പതികളെ'ക്കാൾ നല്ലവർ 'ദമ്പതിമാരാ'ണ്. (ഇത്രയുമെഴുതിയപ്പോഴേക്കും, "ശ്ശെടാ, ഇതായിരുന്നോ ശരി' എന്ന ചോദ്യമുയർന്നിട്ടുണ്ടാകാം).

നമ്മുടെ പത്രമാസികകളിൽ വരുന്ന തെറ്റുകൾ ഇതുപോലെ തിരുത്തിയെഴുതിയാൽ വേറൊന്നുമെഴുതാൻ സ്ഥലം കണ്ടെന്നു വരില്ല. ഒന്നാമത്, മലയാളത്തിലെ തെറ്റുകൾ 'സാരമില്ലെ'ന്നു ചിന്തിക്കുന്നവരാണധികവും. എന്നാൽ ഇംഗ്ലിഷിലെ 'മിസ്റ്റെയ്ക്ക്സ്' നമ്മളാരും സഹിക്കുകയില്ല!

എഡിറ്റിങ്ങിന്റെ ക്ലാസ് കഴിഞ്ഞപ്പോൾ, ഒരു ദൈവദാസൻ എന്നോടു പറഞ്ഞു, "നമ്മുടെ പ്രസംഗത്തിനും ഒരെഡിറ്റിങ് വേണ്ടതല്ലേ?" വേണം. ആയിരം വട്ടം എഡിറ്റിങ് വേണം. 'നൽകിത്തരലി'നെയും 'തക്കവണ്ണ'ത്തിനെയുമൊക്കെ പ്രസംഗത്തിൽ നിന്നു മുടക്കേണ്ടുന്ന കാലം കഴിഞ്ഞു. പ്രസംഗകരെയൊക്കെ ഒരിടത്തു വിളിച്ചുകൂട്ടി, ഇത്തരം വൈകല്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ നല്ലതാണ്. പക്ഷേ, വിളിച്ചാൽ അവരിലെത്രപേർ വരുമെന്നാണു സംശയം.

**നീക്കിബാക്കി:** ചർച്ച് ഓഫ് ഗോഡിലെ ഒരു സഹോദരീ സമ്മേളനത്തിൽ വച്ച് അവരുടെ ഡി. പി. ആമുഖപ്രസംഗം നടത്തി: "എൽ. എം.ന്റെ സെക്രട്ടറിയുമായി ബന്ധപ്പെടാൻ പല തവണ ശ്രമിച്ചെങ്കിലും സാധിച്ചില്ല"- എഡിറ്റ് "ഇങ്ങു" വേണ്ടതല്ലേ? (അതു കേരളാ സ്റ്റേറ്റിൽ നടന്നതാണ്).

എഡിറ്റ് ചെയ്യേണ്ടുന്ന വേറൊരെണ്ണമുണ്ട്. അതും ചർച്ച് ഓഫ് ഗോഡിന്റെ സംഭാവനയാണ്, അതാണു കാർട്ടൂണിൽ കാണുന്നത് (ഒരു 'പ്രീച്ചേഴ്സ് ഫെലോഷിപ്പ്' കൂടി സംഘടിപ്പിക്കണം, അവർക്കും വേണം എഡിറ്റിങ്ങിന്റെ ക്ലാസ്).

---

# സ്റ്റീഫൻ ഫിലിപ്പ്

## ഗ്രാന്റ് പ്രെയറി ഹൈസ്കൂൾ വാലിഡിക്ടേറിയൻ



**ടെക്സാസ്സ്:** ഡുബിസ്കി കരിയർ ഹൈസ്കൂളിന്റെ 2015 വാലിഡിക്ടോറിയനായി മലയാളിയും പെന്തെക്കോസ്ത് വിശ്വാസിയുമായ സ്റ്റീഫൻ ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു. ഡാളസ് ഗ്രാന്റ് പ്രയറിയിൽ കഴിഞ്ഞ 25 വർഷമായി താമസിക്കുന്ന മാവേലിക്കര അറുന്നൂറ്റിമംഗലം വീട്ടിൽ ഫിലിപ്പ് ബേബി(ഷാജൻ) ചെങ്ങന്നൂർ പറമ്പത്തൂർ വീട്ടിൽ തിട്ടമ്മേൽ ഷേർളി ഫിലിപ്പ്(മിനി)യുടെയും മകനാണ് സ്റ്റീഫൻ ഫിലിപ്പ്.

സ്കൂൾ വർഷത്തിൽ അനേക ഓർഗനൈസേഷന്റെ വിവിധ ചുമതലകൾ വഹിച്ചിട്ടുള്ള സ്റ്റീഫൻ അനേക അവാർഡുകൾ ലഭിച്ചിട്ടുള്ളതു കൂടാതെ 2015 സ്കൂൾ വർഷത്തിലെ സ്റ്റുഡന്റ് ഓഫ് കാരക്ടർ അവാർഡും ലഭിച്ചിട്ടുണ്ട്. ഐപിസി ജനറൽ വൈസ് പ്രസിഡന്റ് ഡോ.ബേബി വർഗീസ് ശുശ്രൂഷിക്കുന്ന ഐപിസി എബനേസർ ഫുൾ ഗോസ്പൽ അസംബ്ലീ അംഗമാണ്.

## നിത്യതയിൽ



**പാസ്റ്റർ ജോൺ തോമസ് (രാജു)**

**വള്ളംകുളം:** ഐപിസി ശാസ്താങ്കൽ ബെഥേൽ പ്രെയർ സെന്റർ സഭയുടെ സ്ഥാപക ശുശ്രൂഷകൻ മേട്ടയിൽ പുത്തൻവീട്ടിൽ നിസ്സിഭവനിൽ(അയിരൂർ അയ്യക്കാവിൽ കുടുംബാംഗം) പാസ്റ്റർ ജോൺ തോമസ്(55) നിത്യതയിൽ. ചങ്ങനാശ്ശേരി ഈസ്റ്റ് സെന്ററിലെ സീനിയർ ശുശ്രൂഷകനും ദീർഘവർഷങ്ങൾ സെന്റർ സെക്രട്ടറിയും വൈസ് പ്രസിഡന്റുമായിരുന്നു. സംസ്കാരം മുണ്ടിയപ്പള്ളിയിലുള്ള സഭാസെമിത്തേരിയിൽ നടത്തി.

ഭാര്യ: അനീഷ്(മസ്കറ്റ്), നിസ്സി(ബാംഗ്ലൂർ), അനോ(സുവിശേഷകൻ)

മരുമകൾ: പ്രെറ്റി(മസ്കറ്റ്), കൊച്ചുമകൻ: ആരോൺ



**ബ്രദർ ജോർജ് ദേവസ്യ**

**വേങ്ങൽ:** ഇന്ത്യാ പെന്തെക്കോസ്ത് എബനേസർ സഭാഗവും വേങ്ങൽ വല്ല്യടിയിൽ പരേതനായ പാസ്റ്റർ ദേവസ്യയുടെ മകൻ ബ്രദർ ജോർജ് ദേവസ്യ നിത്യതയിൽ. ലോക്കൽ പി.വൈ.പി.എ, സൺഡേ സ്കൂൾ അദ്ധ്യാപകൻ തുടങ്ങിയ സഭാ പ്രവർത്തനങ്ങളിൽ സജീവ സാനിധ്യം ആയിരുന്നു. സംസ്കാരം നടത്തി.

ഭാര്യ: മറിയാമ്മ, മക്കൾ: മോൻസി ജോർജ്, കൊച്ചുമോൾ, മരുമക്കൾ: ഷൈനി, സി.ജെ. മാത്യു

## വനിതാ സെമിനാർ

**കൂത്താട്ടുകുളം:** ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ തൊടുപുഴ ഡിസ്ട്രിക്ട് എൽ.എം. സെമിനാർ കുണൂഞ്ഞി ചർച്ച് ഓഫ് ഗോഡ് ഹാളിൽവച്ച് ഒക്ടോബർ 23 ന് നടക്കും. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് "സ്ത്രീപക്ഷ ചിന്തകളും ദൗത്യനിർവ്വഹണവും" എന്ന വിഷയത്തെ അധികരിച്ച് ക്ലാസെടുക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.ജെ. ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർ മനോജ് എം.റ്റി. നേതൃത്വം നൽകും.

## സെക്ഷൻ ഭാരവാഹികൾ

**മാവേലിക്കര:** ഏ.ജി മാവേലിക്കര സെക്ഷൻ ഭാരവാഹികളായി പാസ്റ്റർ ജോസുകുട്ടി വി.വൈ(പ്രസ്ബിറ്റർ ഇറവങ്കര ഏ.ജി), പാസ്റ്റർ സതീശൻ കെ.കെ (സെക്രട്ടറി, കരിപ്പുഴ ഏ.ജി), പാസ്റ്റർ മാത്യു ലാസർ( ട്രഷറാർ, കണ്ണാട്ടുമോടി, ഏ.ജി), ബ്രദർ ബാബു(കുറ്റുത്തിക്കാട് ഏ.ജി), ബ്രദർ സുകുമാരൻ(കല്ലുമല ഏ.ജി) എന്നിവരെ മെമ്പർമാരായി തിരഞ്ഞെടുത്തു.

## കൺവൻഷൻ

**കൊഴുവല്ലൂർ:** ഫുൾ ഗോസ്പൽ ചർച്ചിന്റെ കൺവൻഷനും മേഴ്സി ഹോമിന്റെ പത്താം വാർഷികവും നവംബർ 13,14,15 തീയതികളിൽ കൊഴുവല്ലൂർ ജംഗ്ഷനിൽവച്ച് നടക്കും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ജെയ്സ് പാണ്ടനാട്, എബി ഏബ്രഹാം എന്നിവർ പ്രസംഗിക്കും. ബ്ലസ് മെലഡി മാവേലിക്കര ഗാനശുശ്രൂഷ നിർവ്വഹിക്കും.

13 ന് 3 മണിക്ക് നടക്കുന്ന മേഴ്സി ഹോം വാർഷിക സാംസ്കാരിക സമ്മേളനം ശ്രീ കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം ചെയ്യും. ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ. സുവനീർ പ്രകാശനം നിർവ്വഹിക്കും. പാസ്റ്റർ സജി നേതൃത്വം നൽകും.

### 01 ജാർഖണ്ഡിൽ പാസ്റ്റർ....

യിൽ 14 ലക്ഷത്തോളം ക്രിസ്ത്യാനികൾ ആണെന്നുള്ളത് പല രാഷ്ട്രീയ പാർട്ടികൾക്കും ഉൾക്കൊള്ളാനാവാത്ത സത്യം ആണ്.

ഗോമാംസത്തിന്റേയും മതപരിവർത്തനത്തിന്റെയും പേരിൽ നിരപരാധികളെ തല്ലികൊല്ലുന്ന extra-judicial system -ത്തിനെ വളരെ തന്ത്രപ്രധാനമായി വികസിപ്പിക്കുന്ന ഈ വേളയിൽ വിശ്വാസികൾ ഇതിനെതിരെ ജാഗരൂകരാകേണ്ടത് വളരെ അത്യാവശ്യം.

## ഐ. പി. സി. കോട്ടയം മേഖല കൺവൻഷൻ

**കീഴൂർ:** ഐ. പി. സി. കോട്ടയം മേഖല ബൈബിൾ കൺവൻഷൻ - 2015 കടുത്തുരുത്തി പുളിക്കയിൽ ബ്രദേഴ്സ് ഗ്രൗണ്ടിൽ വച്ച് ഒക്ടോബർ 29 - നവംബർ 1 വരെ നടക്കും. മേഖല പ്രസിഡന്റ് പാസ്റ്റർ പി. എ. മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സണ്ണികുര്യൻ, ബി. മോനച്ചൻ, വർഗീസ് ഏബ്രഹാം, കെ. ജെ. തോമസ് എന്നിവർ പ്രസംഗിക്കും. കുറവിലങ്ങാട് പ്രെയ്സ് വോയ്സ് ഗാനശുശ്രൂഷ നടത്തും. പാസ്റ്റർമാരായ എ. റ്റി. ജോർജ്ജ്, രാജു ആനിക്കാട്, സുരേഷ് കീഴൂർ, സണ്ണി ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകും. പാസ്റ്റർ ഷാജി കുമ്പളപ്പള്ളിൽ പബ്ലിസിറ്റി കൺവീനറായി പ്രവർത്തിക്കുന്നു.

## ബൈബിൾ ക്ലാസ്

**കൊല്ലം:** ചർച്ച് ഓഫ് ഗോഡ് കൊല്ലം ടൗൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ക്ലാസ് ഒക്ടോബർ 31, നവംബർ 1 തീയതികളിൽ സഭാഹാളിൽവെച്ച് നടക്കും. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് "കർത്താവിന്റെ പുനരാഗമനവും ആനുകാലിക സംഭവങ്ങളും" എന്ന വിഷയത്തെ അധികരിച്ച് ക്ലാസെടുക്കും. ഡിസ്ട്രിക്ട് പാസ്റ്റർ സജി ജോർജ്ജ് നേതൃത്വം നൽകും.

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് പാക്കിൽ സഭയുടെ ആഭിമുഖ്യത്തിൽ നവംബർ 6.7.8 തീയതികളിൽ സഭാഹാളിൽവെച്ച് ബൈബിൾ ക്ലാസ് നടക്കും. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് "വെളിപാട് പുസ്തകം" ആധാരമാക്കി ക്ലാസെടുക്കും. ഡിസ്ട്രിക്ട് പാസ്റ്റർ പി.വി. ചെറിയാൻ നേതൃത്വം നൽകും.

**മല്ലപ്പള്ളി:** മല്ലപ്പള്ളി യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ബൈബിൾ ക്ലാസ്സ് നവംബർ 2,3,4 തീയതികളിൽ മല്ലപ്പള്ളി സുവാർത്താ സഭാ ഓഡിറ്റോറിയത്തിൽ നടക്കും. എല്ലാ ദിവസവും 6.30 മുതൽ 8.30 വരെ ക്ലാസ്സുകൾ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ 'ക്രിസ്തുവിൽ വളരുക' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ എടുക്കുന്നതാണ്.

## കൺവൻഷൻ

**ചാരുംമൂട്:** യു. പി. എഫ്. ചാരുംമൂട് ഒരുക്കുന്ന 9-ാമത് ജനറൽ കൺവൻഷൻ 2015 നവംബർ 5-8 വരെ ചാരുംമൂട് യു. പി. എഫ്. നഗറിൽ നടക്കും. എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ പാ. ജെയ്സ് പാണ്ടനാട്, റവ. എൻ. പീറ്റർ, പാസ്റ്റർ വർഗ്ഗീസ് ജോഷ്വാ, കാനം അച്ചൻ എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. ചെങ്ങന്നൂർ ക്രൈസ്റ്റ് സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ പി. വി. ജോർജ്ജുകുട്ടി, പാസ്റ്റർ സി. ആർ. മൈക്കിൾ, പാസ്റ്റർ മാത്യു ലാസർ, പാസ്റ്റർ സതീശൻ, പാസ്റ്റർ പി. വി. പോൾ, പാസ്റ്റർ ബെന്നി വെട്ടിയാർ, ഇവാ. ഇ.ജോർജ്ജ് തുടങ്ങിയവർ നേതൃത്വംവഹിക്കും.

### 01 ധ്യാനം....

അവന്റെ ജീവിതത്തിൽ വഴിതിരിവാകുകയാണ്. ദീർഘ വർഷങ്ങളിലെ തൊഴിൽ പരിചയങ്ങളെക്കാൾ, ഗലീലാ കടലിനെകുറിച്ചുള്ള അറിവിനെക്കാൾ, മറ്റുള്ളവരുടെ അഭിപ്രായങ്ങളെക്കാൾ യേശുവിന്റെ വാക്കുകൾക്കു താൻ കൊടുത്ത വില വളരെ വലുതായിരുന്നു. നഷ്ടപ്പെട്ട സമയങ്ങൾ, പാഴായ അദ്ധ്വാനങ്ങൾ, നിറം മങ്ങിയ പ്രതീക്ഷകൾ ഇവയൊക്കെ തിരിച്ചു പിടിക്കാൻ യേശുവിന്റെ വാക്കുകൾ കരുത്തു പകരും എന്ന് അവൻ തിരിച്ചറിഞ്ഞു. ഇന്നലകളിൽ പരാജയം അതെ ആഴങ്ങളിലേക്ക് യേശുവിന്റെ വാക്കുകളെ പിന്തുടർന്നുകൊണ്ട് പടകു നീക്കിയാൽ രാത്രിയുടെ ശൂന്യതകളെ നിറവിന്റെ പ്രഭാതങ്ങളാക്കി പരിവർത്തനം ചെയ്യിക്കുവാൻ അവിടുത്തെ വാക്കുകൾക്കു ശക്തിയുള്ളതാണ്!. "എങ്കിലും നിന്റെ വാക്കിന്" എന്ന യേശുവിനോടുള്ള നമ്മുടെ പ്രതികരണം നമ്മിൽ അസാധാരണമായ ദൈവ പ്രവർത്തികൾക്കായി വാതിലുകൾ തുറക്കുകയാണ്!!

## ബൈബിൾ ക്ലാസ്

**നിരണം:** യൂണിയൻ പെന്തെക്കോസ്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 15,16.17 തീയതികളിൽ വളഞ്ഞവട്ടം ബഥേൽ ഐ.പി.സി. ഹാളിൽവച്ച് ബൈബിൾക്ലാസ് നടന്നു.

പാസ്റ്റർ പി.എം. ജോൺസൺ ഉദ്ഘാടനം ചെയ്തു. "സ്വർഗ്ഗവും നരകവും" എന്ന വിഷയത്തെ അധികരിച്ച് പാസ്റ്റർമാരായ എബി ഏബ്രഹാം, ജെയ്സ് പാണ്ടനാട് എന്നിവർ ക്ലാസെടുത്തു. പാസ്റ്റർമാരായ കെ.റ്റി. ഉമ്മൻ, ബിനോയ് മാത്യു, എം.റ്റി. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

## പിസിനാക്ക് പ്രെയർ ലൈൻ ആരംഭിച്ചു

**ഡാളസ്:** ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിൽ നടക്കുന്ന 34-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിനോടനുബന്ധിച്ച് പ്രെയർ ലൈൻ ആരംഭിച്ചു.

എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 9-10 വരെ പ്രെയർ ലൈൻ പ്രവർത്തിക്കും. പ്രാർത്ഥിക്കുവാനും ആലോചനകൾ അറിയിക്കുവാനും ആഗ്രഹിക്കുന്നവർ 641-751-3580, പാസ് കോഡ് 637318 എന്ന നമ്പരും കോഡും ഡയൽ ചെയ്യേണ്ടതാണെന്ന് നാഷണൽ പ്രെയർ കോർഡിനേറ്റർ പാസ്റ്റർ തങ്കച്ചൻ മത്തായി അറിയിച്ചു.


**കുമ്പനാട്ട് വസ്തു വില്പനക്ക്**

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

ബന്ധപ്പെടുക. 9447368795


### 03 വേദപഠനം.....

യന്മാർ എന്ന് നാമകരണം ചെയ്തിരിക്കുന്നു. പുതിയ നിയമത്തിൽ ഇടയൻ എന്നു പറയുന്നത് യേശുക്രിസ്തുവിന്റെ ഇടയശുശ്രൂഷയെ കാണിക്കുവാനാണ്.

പുരാതനകാലത്ത് യിസ്രായേലിൽ ആടുകളെ സൂക്ഷിക്കുവാൻ വേണ്ടി രാത്രികാലങ്ങളിൽ ആട്ടിൻ തൊഴുത്തുകൾ ഉണ്ടായിരുന്നു, ആട്ടിൻ തൊഴുത്തിന്റെ ചുറ്റുപ്പാടും തടികൊണ്ടോ കല്ലുകൊണ്ടോ മറിച്ചിരുന്നു, ഒരു വാതിലും വയ്ക്കുക പതിവായിരുന്നു. ഒരു തൊഴുത്തിൽ പല പറ്റങ്ങളെ(കൂട്ടങ്ങളെ) ഉൾപ്പെടുത്തിയിരുന്നു, ഒരു സൂക്ഷിപ്പുക്കാരൻ വാതിലിനടുത്ത് ആരും അകത്ത് കടക്കാതെ കാവൽ നിൽക്കുകയോ കിടക്കുകയോ ചെയ്യുക പതിവായിരുന്നു. രാവിലെ ഓരോ ഇടയന്മാർ അവരുടെ ആടുകളെ കൊണ്ടുപോകുവാൻ വരും, വാതിൽ കാവൽക്കാരൻ വാതിൽ തുറന്നു കൊടുക്കുമ്പോൾ ഓരോരുത്തരായി ഒന്നിനു പുറകെ ഒന്നായി എന്ന കണക്കിന് അകത്ത് പ്രവേശിച്ചു അവരവരുടെ ആടുകളെ പേർ ചൊല്ലി വിളിക്കും. ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിയുന്നു, തന്റെ ആടുകളെ ഇടൻ വിളിച്ചു കൊണ്ട് പുറത്തു കൊണ്ടുവന്നശേഷം അവർക്കു മുമ്പായി നടക്കുന്നു, ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. അങ്ങനെ ഓരോ ഇടയനും അവനവന്റെ ആടുകളെയും കൊണ്ട് മേയ്പ്പാൻ പോകുകയാണ് പതിവ്. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും. ആടുകളെ കരുതുകയും ആവശ്യമായ ആഹാരവും വെള്ളവും കൊടുക്കാനും അവയെ സുരക്ഷിതമായി സൂക്ഷിപ്പാനും ഇടയന്മാരുടെ ജീവിതം അത്ര സുരക്ഷിതമായിരുന്നില്ല, ദാവീദ് അത് പ്രസ്താവിക്കുന്നുണ്ടല്ലോ 1 ശമു17:3436, ഇടയന്മാരുടെ കൈയിൽ ഒരു വടിയും മൃഗത്തിന്റെ തോൽ കൊണ്ടുണ്ടാക്കിയ സഞ്ചിയും കൂടാതെ മരങ്ങളുടെ ചില്ലകൾ ചായിച്ചു കൊടുക്കുവാൻ വേണ്ടി ഒരു കോലും കരുതിയിരുന്നു, വടിയും കോലും ആടിന്റെ സുരക്ഷിതത്വത്തിനും കരുതലിനുമായിരുന്നു, സങ്കീ:23. **(തുടരും...)**


**BELIEVERS JOURNAL**

Kandamkeril Bldg, Kumbanad P.O.,

Thiruvalla, Pin: 689 457

website: www.beljourn.com

ധ്യാനം

# എങ്കിലും നിന്റെ വാക്കിന്.....



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

"ഞാൻ ഏഴു സമുദ്രങ്ങളെ സൃഷ്ടിച്ചു; അവയിൽ ഒന്ന് പോലും ഞാൻ തിരഞ്ഞെടുത്തിട്ടില്ല, ഗലീല കടൽ ഒഴികെ" എന്ന യഹൂദ റബ്ബിമാരുടെ ഇടയിലെ ചൊല്ലിനെ അനുസ്മരിക്കുമാറ് യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ചരിത്ര ഭൂമികയിൽ തങ്കലിപികളിൽ അടയാളപ്പെടുത്തിയ ഇടമാണ് ഗലീലാ കടലും അതിന്റെ തീരങ്ങളും. ഇവിടെ വച്ച് ഒരു പടകിനെ വേദിയാക്കി യേശു നടത്തിയ പ്രഭാഷണവും അതിനനന്തരം സംഭവിച്ച അത്ഭുതവും ശ്രദ്ധേയമാണ്. വ്യത്യസ്തങ്ങളായ മനുഷ്യമനസുകളെ ഒരേ സമയം വായിക്കുവാൻ കഴിയുന്ന അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവന്റെ ജീവസന്ദേശമായിരുന്നു അത്. കുറിച്ചു വച്ച വാക്കുകളുടെ അവതരണത്തിൽ നിന്നന്യമായി ശ്രോതാവിന്റെ ഹൃദയത്തെ കുത്തിതുളയ്ക്കുന്ന ഇരുവായ്ത്തലയുള്ള വാളായി യേശുവിന്റെ ഉപദേശം അവിടെ പെയ്തിറങ്ങുമ്പോൾ തിക്കി തിരക്കുന്ന ജനത്തിനിടയിൽ പടകിനോട് ചേർന്ന് നിരാശ പിടിമുറുക്കിയ ഒരുവൻ നിലയുറപ്പിച്ചിരുന്നു. കരക്കടുത്തു കിടന്ന പടകുകളിൽ ശീമോനുള്ളതായ ശൂന്യമായ പടകിൽ അവിടുന്ന് ദൃഷ്ടിവയ്ക്കുമ്പോൾ തന്നെ, അവന്റെ ഭൂതകാലപരാജയ ചരിത്രം അവിടുന്ന് അറിഞ്ഞിരുന്നു. പടകു നീക്കാനുള്ള യേശുവിന്റെ അപേക്ഷയെ അവനു വേണമെങ്കിൽ അവഗണിക്കാമായിരുന്നു. ജീവിത പ്രതിസന്ധികളെ ദൈവ നിഷേധത്തിന് ഹേതുവാക്കി മറ്റൊരു ദിശയിലേക്കു തനിക്കു തന്നിഷ്ടപ്രകാരം ചലിക്കാമായിരുന്നു. കാരണം മുഴുരാത്രിയിലെ തീവ്രമായ അദ്ധ്വാനം സൃഷ്ടിച്ച നിരാശയും മടുപ്പും വിരസതയും അവനെ അലസനാക്കിയ ഒരു പ്രഭാതമായിരുന്നു അത്. ആരാണ് അത്തരമൊരു പരിസ്ഥിതിയിൽ മറ്റൊരാളുടെ വാക്കുകൾക്കു ചെവികൊടുക്കുക?

പഴയ ഒരു കാര്യം പുതിയ രീതിയിൽ ചെയ്യുക എന്നത് വളരെ പ്രയാസമുള്ള ഒരു പ്രവർത്തിയാണ്. തൊട്ടു മുൻപ് വരെ പരീക്ഷിച്ചു ഫലം കാണാതിരുന്ന ഒരു കാര്യത്തിനായി വീണ്ടും നാം നടത്തുന്ന ശ്രമങ്ങൾ നമ്മിൽ വിരസത ഉളവാക്കും. ഒരിക്കൽ കൂടി ഒരു പരിശ്രമത്തിനായി ആരെങ്കിലും ആവശ്യപ്പെട്ടാൽ അതിനെ നിരസിക്കുക സ്വഭാവികമാണ്. വളരെ നിർണ്ണായകമായ ഒരു ജീവൽപ്രശ്നത്തിൽ ആണ് പരാജയം സംഭവിച്ചത് എങ്കിൽ അത് ഏറെ ദുഃഖകരവും വേദനാജനകവുമായിരിക്കും. ഒരു രാത്രി മുഴുവൻ ഉപജീവനാർധം നടത്തിയ പരിശ്രമങ്ങൾ കേവലം പാഴ്ശ്രമങ്ങളായി അവസാനിച്ച പ്രതീക്ഷയറ്റ സമയം. അദ്ധ്വാനത്തിലെ അലസതയോ തൊഴിൽമേഖലയിലെ പരിചയകുറവോ ആയിരുന്നതിലല്ല നേരിട്ട ശൂന്യതയുടെ കാരണം. ദീർഘനാളുകളായി കൈകാര്യം ചെയ്യുന്ന വല കൊണ്ടുള്ള പ്രയോഗം ശീമോൻ എന്ന മനുഷ്യനെ തിറവില്ല ഒരു മുക്കുവനാക്കി മാറ്റിയിട്ടുണ്ടാകും എന്നതിൽ സംശയം ഇല്ല. ശൂന്യമായ പടകിൽ നിന്നിറങ്ങി വല കഴുകവേ, അപ്രതീക്ഷതമായി അവിടേക്ക് പ്രവേശിച്ച യേശുവിന്റെ സാന്നിധ്യം സാഹചര്യങ്ങളെ ആകെ മാറ്റിമറിക്കുകയാണ്. ഒന്നുമില്ലാത്ത ശീമോന്റെ പടകിലേക്ക് യേശു കാൽ വയ്കുമ്പോഴും താൻ നേരിടുന്ന പ്രശ്നങ്ങൾക്ക് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാകും എന്ന പ്രതീക്ഷയൊന്നും ശീമോനില്ലായിരുന്നു. പടകിലേക്കുള്ള യേശുവിന്റെ പ്രവേശനമാണ് പിന്നീടുള്ള കാര്യങ്ങളുടെ ഗതി തിരിച്ചുവിടുന്നത്. അപ്രതീക്ഷിത പരിതസ്ഥിതികളിൽ യേശുവിന്റെ കാൽവെയ്പ്പുകൾ വിപ്ളവകരമായ മാറ്റങ്ങൾ നമ്മിൽ സൃഷ്ടിക്കും.

നമ്മുടെ പൂർവ്വകാല അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നാം കാര്യങ്ങളോട് പ്രതികരിക്കുന്നതും, യേശുവിന്റെ വാക്കുകൾക്കു പൂർണ്ണവില നല്കി അതിനെ പിന്തുടരുവാൻ നാം നടത്തുന്ന നീക്കങ്ങളും, ഉളവാക്കുന്ന ഫലത്തിൽ വ്യത്യാസമുണ്ടായിരിക്കും. ഗലീല കടലിലെ ദീർഘവർഷങ്ങളിലെ പരിചയം എപ്പോഴും ഫലം കാണണമെന്നില്ല. കൈവിട്ടു പോകുന്ന കാര്യങ്ങളെ നിയന്ത്രണവിധേയമാക്കാൻ മുൻകാല മാർഗ്ഗങ്ങൾ എപ്പോഴും ഉപകരിക്കണമെന്നില്ല. സമ്പന്നതയും സാങ്കേതികത്വവും ആൾബലവും കഴിവുകളും ഒക്കെകൊണ്ട് നാം നിലക്ക് നിർത്താൻ ശ്രമിക്കുന്ന പലതും പലപ്പോഴും പരാജയത്തിലേക്ക് ആണ് നമ്മെ നയിക്കുന്നത്. നാം അവകാശപ്പെടുന്ന പുരാതനത്വം നമ്മിൽ കാലങ്ങളായി സൃഷ്ടിക്കുന്ന ശൂന്യതകളെ പണിയുവാൻ പ്രാപ്തിയുള്ളതല്ല. ദൈവവുമായി നാം നിലനിർത്തിയിരുന്ന ഉറപ്പുള്ള ബന്ധത്തിന് വർത്തമാനകാലത്തിൽ സംഭവിച്ചിരിക്കുന്ന ഇടിവുകൾ നമ്മിൽ രൂപപ്പെടുത്തിയ നിർജീവത്വം, തകർച്ചയിൽ നിന്നും തകർച്ചയിലേക്ക് നമ്മെ തള്ളിവിടുമ്പോൾ ദൈവത്തിങ്കലേക്കുള്ള ഒരു തിരിച്ചുപോക്കിനുവേണ്ടിയുള്ള ചുവടുവെയ്പ്പുകൾ നമ്മിൽ വേഗത്തിൽ സംഭവികേണ്ടതുണ്ട്. പക്ഷെ അത് നമ്മെ ബോധ്യപ്പെടുത്താൻ ചില ശൂന്യതകൾ നമുക്കേറെ സ്വാധീനമുള്ള മേഖലകളിൽ സംഭവിക്കാം. എന്നാൽ ഇത്തരം പരാജയ രാത്രികല്ക്ക് ശേഷം നമ്മെ സമീപിക്കുന്ന യേശുവിനോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നത് മുന്നോട്ടുള്ള പ്രയാണത്തിൽ നിർണ്ണായകമാണ്. നമ്മോടുള്ള യേശുവിന്റെ ആദ്യത്തെ വാക്കുകൾ പോലും ഒരു പക്ഷെ നാം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ളതാകണം എന്നില്ല. പരാജയ കാരണങ്ങളുടെ അന്വേഷണമോ അതിനുള്ള പരിഹാരങ്ങളോ അവിടുത്തെ ആദ്യവാചകങ്ങളിൽ ചിലപ്പോഴെങ്കിലും നാം പ്രതീക്ഷിക്കാറുണ്ട്. ശീമോന്റെ പടകിനടുത്തെത്തിയ യേശുവിന്റെ പ്രഥമ പ്രസ്താവന കരയിൽനിന്നും അല്പം നീക്കേണം എന്നുള്ള അപേക്ഷയായിരുന്നു. നേരിടുന്ന ശൂന്യതകളെ നിറം പിടിപ്പിക്കുന്ന പ്രതീക്ഷയുടെ വാക്കുകൾ ഒന്നും ആ വാചകങ്ങളിൽ ദർശിക്കാൻ കഴിയുന്നില്ല. ഇവിടെയാണ് നമ്മുടെ നിലപാടുകൾ ദൈവം ശ്രദ്ധിക്കുന്നത്. തിക്തമായ ജീവിതനുഭവങ്ങൾക്ക് നടുവിലും തിക്കിതിരക്കുന്ന ജനസഹസ്രങ്ങളെ ഉപദേശം അറിയിക്കാൻ പടകു വിട്ടുകൊടുക്കുവാൻ തയ്യാറാകുന്ന ശീമോന്റെ മനോഭാവം അങ്ങേയറ്റം പ്രശംസനീയമാണ്.

ഉപദേശാനന്തരം അല്പം നീക്കുവാൻ ഉള്ള ആദ്യത്തെ ആവശ്യം അനുസരിച്ചവനോട് ആഴത്തിലേക്ക് മീൻപിടുത്തത്തിനായി നീക്കുവാനുള്ള രണ്ടാമത്തെ നിർദ്ദേശം ശീമോനിൽ സൃഷ്ടിച്ചത് ഒരുതരം ആവർത്തന വിരസതയായിരുന്നു. കാരണം കഴിഞ്ഞ രാത്രി മുഴുവൻ ഈ പടകു ആഴത്തിലായിരുന്നു. ഒരു രാത്രി മുഴുവൻ ആഴത്തിൽ കിടന്നു അത്യദ്ധ്വാനം ചെയ്തിട്ടും ആവശ്യത്തിനുള്ളതൊന്നും ലഭിക്കാതെ കരക്കടുത്തു കിടക്കുന്ന പടക് വീണ്ടും ആഴത്തിലേക്ക് നീക്കാനുള്ള യേശുവിന്റെ വാക്കുകൾക്കു നേരെ ശീമോന്റെ മനസ്സില്ലായ്മ പ്രകടമാണെങ്കിലും അവന്റെ മറുപടി വളരെ ശ്രദ്ധേയമാണ്; "എങ്കിലും നിന്റെ വാക്കിന് വലയിറക്കാം".

ഈ ഒരു പ്രതീകരണം

06


# REQUESTING PHOTOGRAPHS



The long awaited English translation of the auto-biography of **Pastor K. E. Abraham** will be printed and released soon by KE Abraham Foundation and India Gospel Outreach.

We plan to add few pages of pictures not found in the earlier editions. If you are in possession of any pictures of Pastor K. E. Abraham taken with you or in a group setting, please send us a **digital copy in high resolution.**

Please identify all the names of those in the picture and name the place, occasion and the estimated date the picture was taken.

Please email the digital copy of the picture to the email ID of

**Pr. Dr. T. Valson Abraham : valsonabraham@gmail.com**
**Mrs. Starla Luke : mercyluke@gmail.com**

The editorial decision to include the picture will be based on the relevance to his life, ministry and relevance to the church or community.

**Please send your pictures by 31 October 2015.**

Thank you.
K.E.Abraham Foundation / India Gospel Outreach
**Phone : 98470 55009**

# ഫോട്ടോഗ്രാഫുകൾ ക്ഷണിക്കുന്നു



1965 - ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചതും നാളുകളായി നിരവധിപേർ ആവശ്യപ്പെട്ടതുമായ **"യേശുക്രിസ്തുവിന്റെ എളിയ ദാസൻ"** എന്ന പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ ആത്മകഥയുടെ ഇംഗ്ലീഷ് പരിഭാഷ ഉടൻതന്നെ കെ. ഇ. ഏബ്രഹാം ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നതാണ്. കെ. ഇ. ഏബ്രഹാമുമായി ബന്ധപ്പെട്ട അപൂർവ്വമായ കുറെ ഫോട്ടോകൾ കൂടി പുതിയ പതിപ്പിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ തനിച്ചുള്ളതോ, ഒരു ഗ്രൂപ്പിലുള്ളതോ, ഏതെങ്കിലും ശുശ്രൂഷാ സന്ദർഭത്തിലുള്ളതോ ആയ പഴയ ഫോട്ടോകൾ താങ്കളുടെ കൈവശം ഉണ്ടെങ്കിൽ ദയവായി അത് സ്കാൻ ചെയ്ത് (High resolution - tiff or jpeg format)

**valsonabraham@gmail.com**
**mercyluke@gmail.com** എന്ന e-mail ലേക്ക്

**ഒക്ടോബർ 31ന് മുമ്പായി അയച്ചുതരണമെ.** അപ്രകാരം ഫാട്ടോകൾ അയയ്ക്കുന്നവർ തങ്ങളുടെ പേരും പൂർണ്ണ വിലാസവും കൂടി e-mail - ൽ ദയവായി കാണിക്കുമല്ലോ. ഫോട്ടോയുടെ സന്ദർഭവും സമയവും ഫോട്ടോകളിൽ ഉള്ളവരുടെ പേരുകളും കൂടി ക്രമമായി എഴുതിയാൽ അടിക്കുറിപ്പിൽ പ്രസ്തുത കാര്യങ്ങൾ കൂടി ചേർക്കുവാൻ സഹായകരമായിരിക്കും. ഫോട്ടോകൾ അയച്ചു തരുന്നവരുടെ പേരുവിവരം പുസ്തകത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*കെ. ഇ. ഏബ്രഹാം ഫൗണ്ടേഷൻ/ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച്*
*ഫോൺ : 98470 55009*

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 20

BELIEVERS JOURNAL

PUBLISHED ON 25/10/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ഇനി കറൻസി രഹിത ലോകം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

**നാം** ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഇന്ന് ലോകമെങ്ങും സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. സാമ്പത്തീക മാന്ദ്യം ശക്തിപ്പെട്ടു തുടങ്ങിയതോടെ, സാമ്പത്തിക പ്രതിസന്ധികൾ എല്ലാവരിലേക്കും എത്തിത്തുടങ്ങി. വാണിജ്യ കുത്തകമേധാവികളും പൊതുമേഖലാ സംവിധാനത്തിൽ വിമർശനവിധേയരായി മാറുന്നു. ലോകം ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വ സംവിധാനത്തിന് സമാനമായാണ് പെരുമാറുന്നതെന്നും, അവരുടെ നിരുത്തരവാദപരമായ നടപടികളാണ് രൂക്ഷമാകുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാനകാരണമെന്നും ആരോപണം ശക്തമാകുന്നു. ഇതോടെ പൊതുമേഖലയിലും സർക്കാർ സംവിധാനങ്ങളിലെന്നപോലെ സ്വകാര്യ കുത്തകകളുടെയും ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ മേലും ശക്തമായ സാമ്പത്തീക സാമൂഹ്യ മേൽനോട്ടം വേണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. സാമൂഹ്യമേൽനോട്ടം എന്ന ആശയത്തെ പിൻവാതിൽ സോഷ്യലിസമെന്നു വിളിക്കുവാൻ ചില സ്ഥാപിത താല്പര്യക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും സാമ്പത്തീക മാന്ദ്യം ഉളവാക്കിയ പ്രതിസന്ധിയുടെ മുന്നിൽ അത്തരം വിതണ്ഡവാദങ്ങൾ എങ്ങും വിലപ്പോവുന്നില്ല. അതേസമയം സാമൂഹ്യമേൽനോട്ടം ശക്തവും ഫലപ്രദവും ആക്കണമെന്ന ആവശ്യം ഉയർന്നു തുടങ്ങിയ അതേ അവസരത്തിൽ തന്നെ അതു നടപ്പാക്കാനുള്ള നിയമ നിർമ്മാണവും നടന്നു കഴിഞ്ഞു എന്നതാണ് ഇന്നത്തെ പ്രതിസന്ധിയെ സവിശേഷമാക്കുന്നത്. ഇന്റർനെറ്റിന്റെ വ്യാപനം വഴി അതിരുകളില്ലാത്ത സാങ്കേതികവിദ്യയുടെ വളർച്ച ഇപ്പോൾ തന്നെ കള്ളപ്പണക്കാരുടെയും അവർ പണം നിക്ഷേപിക്കുന്ന സ്വിസ് ബാങ്കുകളുടെയും ഉറക്കം കെടുത്തിത്തുടങ്ങി. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാങ്കേതിക വിദ്യ ലോകത്തിൽ സൃഷ്ടിക്കുവാൻ പോകുന്ന അപകടങ്ങളെക്കുറിച്ചുള്ള ഭയാശങ്കകൾ എല്ലാം തന്നെ സമകാലിക ചിന്തകളെ വികലമാക്കിയിരിക്കുന്നു എന്നും പറയാം. കാരണം കറൻസി രഹിത ലോകം സംജാതമായാൽ ഒരോ വ്യക്തിയുടെയും പണത്തിന്റെ കണക്ക് ഗവൺമെന്റിന് കൊടുക്കേണ്ടതായി വരുന്നു. ഇടപാടുകൾ എല്ലാം ബാങ്ക് വഴി മാത്രമാകുന്നു. എല്ലാ വ്യക്തികൾക്കും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണം. ആരുടെയും കയ്യിൽ അച്ചടിച്ച കറൻസി ഇല്ല വില്ക്കുകയോ വാങ്ങുകയോ എന്തിടപാട് നടത്തിയാലും ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും സേവന ദാതാവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം താനെ മാറുന്നു. ഡച്ച് സെൻട്രൽ ബാങ്ക് കറൻസി രഹിത ഇടപാടുകൾ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം എന്ന് അവരുടെ ഇടപാടുകാരിലൂടെ ലോകത്തിന് കാണിച്ച് തന്നു. റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയ പണം കൊടുക്കലും ഇടപാടുകളും വർഷത്തിൽ 365 ദിവസം ഒരു മിനിറ്റ് പോലും മുടങ്ങാതെ തത്ക്ഷണമായി നടത്താൻ Australian Payments Clearing Association (APCA) നുമായി ചേർന്ന് സാങ്കേതികവിദ്യയുടെ ഈ വളർച്ചാ പദ്ധതികൾ രൂപവത്കരിച്ച് കഴിഞ്ഞു. അതിന് അവർ കൊടുത്തിരിക്കുന്ന പേര് 'New Payments Platform' (NPN) എന്നാണ്. 2016ലോ അല്ലെങ്കിൽ 2017 ലെ അത് പൂർണ്ണ രൂപത്തിൽ ഉപഭോക്താവിന് ലഭ്യമാകും. അങ്ങനെ വന്നാൽ ഒരു ഇടപാടുകളും ഗവൺമെന്റ് അറിയാതെ നടത്തുവാൻ കഴിയാതെ വരുന്നു. അതിന് മുന്നോടിയായിരുന്നു ബാങ്കുകളിലെ കമ്പ്യൂട്ടൽവൽക്കരണം. അതിനെ കൂടുതൽ ജനപ്രിയമാക്കിയത് എടിഎമ്മുകളാണ് കണ്ണടച്ചു തുറക്കും മുമ്പേയാണ് എടിഎമ്മുകൾ രാജ്യമെങ്ങും പ്രചാരത്തിലായത്. അതോടെ എടിഎമ്മും കമ്പ്യൂട്ടർവൽക്കരണവും ഇല്ലാതെ ബാങ്കുകൾക്ക് പിടിച്ചുനിൽക്കാനാവില്ല എന്ന സ്ഥിതിയായി. ഇവയുടെ സുരക്ഷ ഇന്ന് ഒരു സാമൂഹിക പ്രശ്നമായി വളരുകയാണ്. നാടിന്റെ മുക്കിലും മൂലയിലും മത്സരബുദ്ധിയോടെ ബാങ്കുകൾ എ.ടി.എമ്മുകൾ സ്ഥാപിച്ചതോടെയാണ് പ്രശ്നങ്ങൾ പെരുകിയത്. ഒട്ടു മിക്കവയ്ക്കും സുരക്ഷാ സംവിധാനങ്ങളില്ല. ഓരോ എ.ടി.എമ്മിനും സുരക്ഷാഭടൻമാരെ നിയോഗിക്കാൻ കഴിയുകയില്ല. അക്രമികളുടെയോ മോഷ്ടാക്കളുടെയോ ചിത്രം പകർത്താനുള്ള ക്യാമറാ സംവിധാനമാണ് ഏക സുരക്ഷാ സംവിധാനം. എന്നാൽ, കാമറക്കണ്ണിൽപ്പെടാതെ കൃത്യങ്ങൾ നിർവഹിക്കാൻ സാധിക്കുമെന്നു മോഷ്ടാക്കൾ തെളിയിച്ചു. അഥവാ ക്യാമറയിൽ വന്നാലും പ്രതിയെ പിടികൂടാൻ കഴിയുമെന്ന് ഉറപ്പുമില്ല. ചിലയിടങ്ങളിൽ ക്യാമറകളാകട്ടെ പ്രവർത്തനരഹിതവും. മിക്കയിടത്തും കവർച്ച പോലീസിൽ അറിയിക്കുന്നത് എ.ടി.എമ്മിൽ അലാറം പോലുള്ള സംവിധാനങ്ങളും ഇല്ല. അടുത്തിയിടെ നടത്തിയ എടിഎം പണാപഹരണത്തിൽ എ.ടി.എമ്മിനു പോറൽപോലുമുണ്ടാകാതെയായിരുന്നു സംഘം നടത്തിയത്. എ.ടി.എം. കവർച്ചകൾ വ്യാപകമാകുമ്പോൾ കുടുതൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത്. അതിനാൽ എടിഎമ്മുകൾ ഇന്ന് കറൻസി രഹിത പണക്കൈമാറ്റമെന്ന അടുത്തഘട്ടത്തിലേക്ക് അതിവേഗം കടക്കുകയാണ്. ദൂരയാത്ര

02



# പി.സി.ഐ. ദൈവം മുൻകണ്ട പദ്ധതി: റവ. കെ. സി. ജോൺ



പാസ്റ്റർ കെ.സി.ജോൺ മുഖ്യപ്രഭാഷണം നടത്തുന്നു. പാസ്റ്റർ പി.എം.സാമുവേൽ, ബ്രദർ തോമസ് വടക്കേക്കൂറ്റ്, പാസ്റ്റർ സാം പി.ജോസഫ്, പാസ്റ്റർ സണ്ണി വർക്കി, പാസ്റ്റർ കരുണാകരൻ, പാസ്റ്റർ ശൈലാസ്കുട്ടി, പാസ്റ്റർ രാജു ആനിക്കാട് എന്നിവർ വേദിയിൽ.

**തിരുവല്ല:** ഭാരതത്തിലെ മാറിവരുന്ന രാഷ്ട്രീയ, സാമുദായിക സാഹചര്യങ്ങളിൽ ദൈവജനത്തിന് സഹായവും പിന്തുണയും നൽകുന്നതിനായി ദൈവം മുൻകണ്ട പ്രസ്ഥാനമാണ് പെന്തക്കോസ്തൽ കൺസിൽ ഓഫ് ഇൻഡ്യ എന്ന് റവ. ഡോ. കെ.സി. ജോൺ പ്രസ്താവിച്ചു. ഒക്ടോബർ 11 ന് തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽവച്ചു നടന്ന പി.സി.ഐ. തിരുവല്ല മേഖലാ യൂണിറ്റ് ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പി.സി.ഐ. തിരുവല്ല മേഖലാ കമ്മറ്റി പ്രസിഡന്റ് പാസ്റ്റർ പി.എം.സാമുവേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ പ്രസിഡന്റ് ബ്രദർ തോമസ് വടക്കേക്കൂറ്റ് മേഖലാ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർ രാജു ആനിക്കാട് പി.സി.ഐ.യെ പരിചയപ്പെടുത്തുകയും പാസ്റ്റർ ജെ. ജോസഫ് (നാഷണൽ ജനറൽ സെക്രട്ടറി) മേഖലാ ഭാരവാഹികളെ പരിചയപ്പെടുത്തുകയും ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് പാസ്റ്റർ സാം പി. ജോസഫ്, സെക്രട്ടറി പാസ്റ്റർ സാം ഫിലിപ്പ് നാഷണൽ ഭാരവാഹികളായ പാസ്റ്റർ കെ. ഒ. ഉമ്മൻ, പാസ്റ്റർ ബേബി കടമ്പനാട്, പാസ്റ്റർ ശൈലാസ്കുട്ടി, പാസ്റ്റർ കരുണാകരൻ, പാസ്റ്റർ വി. ജി.തോമസ്കുട്ടി, വനിതാ വിഭാഗം സെക്രട്ടറി സിസ്റ്റർ ഷോളി മോൻസി, പാസ്റ്റർ സണ്ണി വർക്കി എന്നിവരും പ്രസംഗിച്ചു. പാസ്റ്റർ സോവി മാത്യു സംഗീതശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

# നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ തിരുവല്ലയിൽ




**തിരുവല്ല:** പയ്യന്നൂർ കേന്ദ്രമായി ശ്രീ. കെ.എം. ബിനോയി വൈദ്യരുടെ നേതൃത്വത്തിലുള്ള നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റലിന്റെ പുതിയ ശാഖ തിരുവല്ലയ്ക്ക് അടുത്ത് പായിപ്പാട് പ്രവർത്തനം ആരംഭിച്ചു. സെപ്റ്റംബർ 17–ാം തീയതി 5 മണിക്ക് ചർച്ച് ഓഫ് ഗോഡ് കർണാടക മലയാളം റീജിയൻ അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട പായിപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.ബി. എബ്രഹാം ഉദ്ഘാടനം ചെയ്തു. റാന്നി എം.എൽ.എ ശ്രീ രാജു എബ്രഹാം മുഖ്യാഥിതി ആയിരുന്നു. പവ്വർ വിഷൻ ചെയർമാൻ റവ. കെ.സി. ജോൺ മുഖ്യ സന്ദേശം നൽകി. രോഗികൾക്ക് ദീർഘദൂരം യാത്ര ചെയ്ത് പയ്യന്നൂരെത്തി ചികിത്സ തേടുന്നതിന് പകരമായിട്ടുള്ള സംവിധാനമായാണ് തിരുവല്ലയിൽ ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ ആറു വർഷമായി ഡയബറ്റിക്സിനുള്ള ഫലപ്രദമായ ചികിത്സയിലൂടെയാണ് ബിനോയി വൈദ്യൻ പ്രസിദ്ധനായത്.

സോറിയാസിസ്, ഡിസ്ക് തകരാറുകൾ, ഡയബറ്റിക്ക്, ഹാർട്ട് ബ്ലോക്ക് തുടങ്ങിയ വിവിധ രോഗങ്ങൾക്ക് ഫലപ്രദമായ ആയുർവേദ പച്ചമരുന്ന് ചികിത്സയാണ് ഹോസ്പിറ്റലിൽ ലഭ്യമാകുന്നത്. ഹോസ്പിറ്റൽ എം.ഡി ശ്രീ. കെ. എം ബിനോയി വൈദ്യർ സ്വാഗതം പറഞ്ഞു. വിവിധ മത രാഷ്ട്രീയ സാമൂഹിക നേതാക്കൾ ആശംസകൾ അർപ്പിച്ചു.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.